# CLASS XI

# SAMPLE QUESTIONS

## SUBJECT :

# PART II MALAYALAM

1. അറിവും അനുഭൂതിയും

2. ചേതോഹരക്കാഴ്ചകൾ

3. മൊഴിവഴക്കം

4. രംഗകല

5. വിശകലന ചിന്തകൾ

6. വാർത്താലോകം

# യൂണിറ്റ് : 1

# അറിവും അനുഭൂതിയും

**CO:** ചർച്ചകളിലും സംവാദങ്ങളിലും പങ്കെടുത്ത് സ്വാഭിപ്രായം യുക്തിസഹമായി പ്രകടിപ്പിക്കുന്നതിന്.

**ചോദ്യം : സ്വാഭിപ്രായം രേഖപ്പെടുത്തുക.**

ഗ്രാമജീവിതത്തിന്റെ വിശുദ്ധിയെക്കുറിച്ചുള്ള ചില ഓർമ്മകൾ ഇടശ്ശേരിയും എം.ടിയും അവരുടെ രചനകളിലൂടെ പങ്കുവെക്കുന്നുണ്ടല്ലോ. ഗ്രാമീണമായ എല്ലാം നല്ലതാണ് നാഗരികമായതെല്ലാം മോശമാണ് എന്ന് നിഗമനത്തിലാണോ ഈ രചനകളിലൂടെ നിങ്ങൾ എത്തപ്പെട്ടത് ? അഭിപ്രായം രേഖപ്പെടുത്തുക.

സ്കോർ : 6 / സമയം 5 മിനിട്ട് / ഒരുപുറം

**വിലയിരുത്തൽ സൂചകങ്ങൾ:**

| | | | |
|---|---|---|---|
| – | തന്റെ നിഗമനം രേഖപ്പെടുത്തിയിട്ടുണ്ട് | – | (1) |
| – | കാരണങ്ങൾ യുക്തിഭദ്രമായി അവതരിപ്പിച്ചിട്ടുണ്ട് | – | (4) |
| – | തനിമയുള്ള നിരീക്ഷണങ്ങൾക്ക് | – | (1) |
| | ആകെ | – | 6 |

**CO:** വിവിധ സാഹിത്യരചനകളിലെ സാമൂഹിക പ്രസക്തിയുള്ള വിഷയങ്ങൾ കണ്ടെത്തി പഠനം നടത്തുന്നതിന്.

**ചോദ്യം : വിശദീകരിക്കുക.**

ഇടശ്ശേരിയുടെ കുറ്റിപ്പുറം പാലം എന്ന കവിതയുടെ ആശയമേഖലയുമായി ഒത്തുപോകുന്ന പരാമർശങ്ങൾ താഴെ കൊടുത്തവയിൽ ഏതൊക്കെയാണെന്ന് കണ്ടെത്തി കവിതയുമായി ബന്ധിപ്പിച്ച് വിശദീകരിക്കുക.

- വികസനമെന്നതായിരിക്കണം നമ്മുടെ ആദ്യപ്രമാണം.
- ഗ്രാമം സ്വാഭാവികതയുടെയും വൈവിധ്യത്തിന്റെയും താവളമായിരിക്കണം.
- കവിത സമൂഹത്തിന്റെ പ്രശ്നങ്ങളിൽ ഇടപെടേണ്ടതില്ല.
- പ്രകൃതി മനുഷ്യനുവേണ്ടി സൃഷ്ടിക്കപ്പെട്ടതാണ്.
- നഗരവൽക്കരണം മനുഷ്യവ്യവഹാരങ്ങളെ യാന്ത്രികമാക്കുന്നു.
- മാലിന്യം കുടിയേറുന്നത് പ്രകൃതിയിൽ മാത്രമല്ല മനുഷ്യപ്രകൃതത്തിലുമാണ്.

സ്കോർ - 8/സമയം 15 മിനിട്ട്

**വിലയിരുത്തൽ സൂചകങ്ങൾ:**

| | | | |
|---|---|---|---|
| – | ആശയസമഗ്രത | – | (3) |
| – | തനിമയുള്ള നിരീക്ഷണങ്ങൾ | – | (2) |
| – | സാമൂഹിക പ്രശ്നങ്ങളുടെ വിശകലനം | – | (2) |
| – | അവതരണ രീതി | – | (1) |
| | ആകെ | – | 8 |

**CO:** വിവിധ സാഹിത്യരചനകളിലെ സാമൂഹിക പ്രസക്തിയുള്ള വിഷയങ്ങൾ കണ്ടെത്തി പഠനങ്ങൾ തയ്യാറാക്കുക.

**ചോദ്യം : കുറിപ്പു തയ്യാറാക്കുക**

'ഉണ്ണിപ്പെരയനും പാട്ടിയും വീടുവീടാന്തരം നടന്നുപാടി
രാവേറെ ചെല്ലുമ്പോൾ ഞങ്ങളുടെ വീട്ടുമുറ്റത്തും എത്തും.'
'കൊയ്ത്തിന് കൃഷിപ്പണിക്കാരൻ അയ്യപ്പൻ സമ്മതിച്ചു-

വെന്നു വരില്ല. ഒരാഴ്ചകൂടി വിളയട്ടെ എന്ന് അയ്യപ്പൻ വിധിച്ചാൽ
ആർക്കും എതിരു പറയാനാവില്ല'

ഉത്രാടച്ചന്തയിൽ നിന്ന് കൃഷിപ്പണിക്കാരായ അയ്യപ്പനും
നീലിക്കും മാത്രം മുണ്ടും തുണികളും വാങ്ങി.'

'കടവുകാർക്കും പറ്റുപീടികക്കാർക്കും അബൂബക്കർ
തുടങ്ങിയ അയൽക്കാർക്കുമൊക്കെ സദ്യ കൊടുക്കുന്ന പതിവുണ്ടാ-
യിരുന്നു; അവിട്ടം ദിവസം'

പൊയ്പ്പോയ ഒരു കാലത്തിലെ ആചാരങ്ങളിൽ പ്രകടമാകുന്ന മനുഷ്യബന്ധങ്ങളിലെ നന്മകളാണ് മുകളിലെ വരികളിൽ തെളിയുന്നത്. അവയിൽ വ്യക്തമാകുന്ന സാമൂഹിക ജീവിത സവിശേഷതകൾ വിവരിക്കുക.

സ്കോർ : 8 / സമയം : 15 മിനിട്ട് / ഒന്നരപ്പുറം

| | | | |
|---|---|---|---|
| – | പഴയകാല സാമൂഹിക ജീവിത സവിശേഷതകൾ കൃത്യമായി തിരിച്ചറിഞ്ഞിട്ടുണ്ട് | | (4) |
| – | ഉദാഹരണഭാഗങ്ങൾ വിശദീകരിച്ചിട്ടുണ്ട് | – | (4) |
| | ആകെ | – | 8 |

**CO:** സാഹിത്യരചനകളിലെ പ്രമേയങ്ങൾ കണ്ടെത്തി പഠനം തയ്യാറാക്കൽ

**ചോദ്യം : താരതമ്യം ചെയ്യുക.**

സൂചനകൾ

- പ്രമേയത്തെക്കാൾ എഴുത്തുകാരന്റെ ആത്മസത്തയ്ക്കും രചനാ കൗശലത്തിനും പ്രാധാന്യമുള്ള ഒരു സാഹിത്യശാഖയാണ് യാത്രാവിവരണം.
- അസാധാരണമായ അനുഭവങ്ങൾ രസകരമായി അവതരിപ്പിക്കുവാനുള്ള സാമർത്ഥ്യമാണ് സഞ്ചാരസാഹിത്യകാരനുണ്ടാവേണ്ടത്.
- സഞ്ചാരസാഹിത്യത്തിൽ എഴുത്തുകാരന്റെ ആത്മാംശത്തിനാണ് ഏറെ പ്രാധാന്യം. യാത്ര ചെയ്ത സ്ഥലങ്ങളുടെയും കണ്ട കാഴ്ചകളുടെയും വർണ്ണനകൾ മാത്രമുള്ള ഗ്രന്ഥം ഒരു സഞ്ചാരക്കുറിപ്പുമാത്രമേ ആകുന്നുള്ളൂ. അവയോടൊപ്പം തന്റെ അനുഭവങ്ങളും പ്രതികരണങ്ങളും കൂടിയുണ്ടാവണം.

മുകളിൽ ചേർത്ത അഭിപ്രായങ്ങളുടെ അടിസ്ഥാനത്തിൽ ശ്മശാനഭൂമികൾ, കയറ്റം വീണ്ടും കയറ്റം എന്നീ രചനകളെ താരതമ്യം ചെയ്യുക.

സ്കോർ : 8 / സമയം : 15 മിനിട്ട് / ഒന്നരപ്പുറം

**വിലയിരുത്തൽ സൂചകങ്ങൾ**

| | | |
|---|---|---|
| – | സൂചനകളെ രചനകളുമായി ചേർത്ത് വിശകലനം ചെയ്തിട്ടുണ്ട്. | (4) |
| – | താരതമ്യം ചെയ്ത നിഗമനങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. | (4) |
| | ആകെ | 8 |

**CO:** ലഭ്യമായ വിവരങ്ങൾ വിശകലനം ചെയ്തുകൊണ്ടുള്ള ഉപന്യാസങ്ങൾ തയാറാക്കുക.

**ചോദ്യം : ഉപന്യാസം തയ്യാറാക്കുക**

'നമ്മുടെ പുഴകൾ മരണത്തോടടുത്തുകൊണ്ടിരിക്കുകയാണ്. പുഴയുടെ മരണം ഒരു സംസ്കാരത്തിന്റെ മരണത്തിനു തന്നെ കാരണമാകും.'

പുഴകൾ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് താഴെ നൽകിയിട്ടുള്ള സൂചനകൾ വികസിപ്പിച്ച് ഒരു ഉപന്യാസം തയ്യാറാക്കുക. പുഴകളെ സംരക്ഷിക്കാനുള്ള മാർഗ്ഗങ്ങൾകൂടി നിർദ്ദേശിക്കണം.

സൂചനകൾ

- വൃഷ്ടിപ്രദേശങ്ങളിലെ വനനശീകരണം
- അണക്കെട്ടുകളും ജലസേചന പദ്ധതികളും

- മണൽ വ്യവസായം
- ഭൂഗർഭ ജലചൂഷണം
- വികസനത്തെക്കുറിച്ചുള്ള കാഴ്ചപ്പാട്

സ്കോർ : 8 /സമയം : 15 മിനിട്ട്

**വിലയിരുത്തൽ സൂചകങ്ങൾ:**

| | | |
|---|---|---|
| – | ലഭ്യമായ ആശയങ്ങളെ സാമാന്യമായി വിശദീകരിച്ചിട്ടുണ്ട് | (4) |
| – | ഉചിതമായ ഉദാഹരണങ്ങൾ നൽകി ഉയർന്ന നിലവാരത്തിൽ പ്രതികരിച്ചിട്ടുണ്ട് | (2) |
| – | ഉപന്യാസത്തിന്റെ ഘടന, ഭാഷാശൈലി എന്നിവയിൽ ശ്രദ്ധിച്ചിട്ടുണ്ട്. | (2) |
| | ആകെ | 8 |

**CO:** രചനകൾ വായിച്ച് സാമൂഹികാംശങ്ങളുടെ അപഗ്രഥനം നടത്തി കുറിപ്പുകൾ തയ്യാറാക്കുന്നതിന്.

**ചോദ്യം : താരതമ്യക്കുറിപ്പ് തയ്യാറാക്കുക**

ഇരുമ്പും ഇരമ്പുന്നൊരൂർജ്ജവും യുവാക്കൾ തൻ
ഞരമ്പിലൂടെ പാളും നൂതന ചൈതന്യവും
പാറവെട്ടാനും പുഴയ്ക്കണകെട്ടാനും വിദ്യുദ്
ധാരയാൽ പുതുകർമ്മശാലലളൂട്ടിടാനും
കൂട്ടായ കൃഷിഭൂവിൽ യന്ത്രത്തിൻ കലപ്പയാൽ
പൂട്ടാനും കതിർകൊയ്തു കൂട്ടാനും ത്വരിക്കവേ
ആ മഹാ സംരംഭത്തിൻ സംഘഗാനത്തിൽ ചേർന്നു
നാമനുഭവിക്കാം പണ്ടില്ലാത്തൊരഭിമാനം

ഈടു വെപ്പുകളെല്ലാം പോകിലും പുതിയൊരു
നാടു നമ്മുടേതാകുമസംഖ്യം തോഴന്മാരും

*(യുഗപരിവർത്തനം - വൈലോപ്പിള്ളി)*

പഴയ മൂല്യങ്ങളെല്ലാം മാറ്റിമറിക്കപ്പെടാമെങ്കിലും യാന്ത്രികസംസ്കാരത്തെയും അതിലൂടെ നേടുന്ന പുരോഗതിയെയും സ്വാഗതം ചെയ്യുന്ന വൈലോപ്പിള്ളിയുടെ മനസ്സിനെയും കുറ്റിപ്പുറം പാലത്തിലെ ഇടശ്ശേരിയുടെ ഉൽകണ്ഠകളെയും താരതമ്യം ചെയ്ത് സ്വന്തം നിലപാടുകൾ അവതരിപ്പിക്കുക.

സ്കോർ: 8 / സമയം : 15 മിനിട്ട് / ഒരുപുറം

**വിലയിരുത്തൽ സൂചകങ്ങൾ**

| | | |
|---|---|---|
| – | കവിതയിലെ ആശയം ഗ്രഹിച്ചിട്ടുണ്ട് | (4) |
| – | ഇടശ്ശേരിയുടെ കാഴ്ചപ്പാടുമായി താരതമ്യം ചെയ്തിട്ടുണ്ട് | (2) |
| – | സ്വന്തം നിലപാടുകൾ അവതരിപ്പിച്ചിട്ടുണ്ട് | (2) |
| | ആകെ | 8 |

**CO:** ആനുകാലിക കവിതകളിൽ തെളിയുന്ന സാമൂഹിക വീക്ഷണം വിശകലനം ചെയ്യുന്നു.

**ചോദ്യം : ലഘു പ്രബന്ധം തയ്യാറാക്കുക.**

പുതുലോകത്തിന്റെ ഉമ്മറപ്പടിയായ കുറ്റിപ്പുറം പാലത്തിനു മുകളിൽ കവി നിൽക്കുന്നത് അഭിമാനത്തോടുകൂടിയാണ്. ഈ അഭിമാനത്തിന് അടിസ്ഥാനമായ കാരണങ്ങൾ വിശകലനം ചെയ്ത് ഒരു ലഘു പ്രബന്ധം തയ്യാറാക്കുക.

സ്കോർ: 6 / സമയം : 10 മിനിട്ട് / ഒരുപുറം

നാഗരികതയുടെ തുടക്കം, മനുഷ്യാധ്വാനത്തിന്റെ മഹത്വം, പുതിയ വിതാനങ്ങളിലേയ്ക്കുള്ള

ഉയർച്ച തുടങ്ങി പ്രസക്തമായ ആശയങ്ങൾക്ക് (5)

അവതരണശൈലിക്ക് (1)

ആകെ 6

**CO:** രചനകൾ വായിച്ച് സാമൂഹികാംശങ്ങളുടെ അപഗ്രഥനം നിർവ്വഹിക്കുന്നു. ആനുകാലിക കവിതകളിൽ തെളിയുന്ന സാമൂഹിക വീക്ഷണം വിശകലനം ചെയ്യുന്നു.

**ചോദ്യം : സ്വാഭിപ്രായം സ്ഥാപിക്കുക.**

പുന്നെല്ലരിയുടെ ചോറ് സ്വപ്നം കണ്ടുകൊണ്ട് വയൽവരമ്പിൽ നിന്നു കതിരുവെച്ചു ഞങ്ങൾ കുട്ടികളും മനസ്സിൽ കണക്കുകൂട്ടിയിരുന്നു. ചെമ്പൻ, ചീര, തവളക്കണ്ണൻ - ഓരോ വിത്തിന്റെയും മൂപ്പിനെപ്പറ്റി ഞങ്ങൾക്കും അറിയാമായിരുന്നു.

*(കണ്ണാന്തളിപ്പൂക്കളുടെ കാലം - എം.ടി)*

ആർക്കുമേ വഴങ്ങാത്ത
മാവുകൾ ഇച്ഛയ്ക്കൊത്തു
ശാഖകൾ കുലച്ചവർ
വേരുകൾ പടർത്തിയോർ
ചകിര്യേൻ, ചക്കേൻ, മുട്ടിക്കുടിയേൻ
മൂവാണ്ടൻ, തേനൊലിയേൻ എന്നിങ്ങനെ
പഴഞ്ചൻ പേരാർന്നവർ

*(മാമ്പഴക്കാലം - പി.പി. രാമചന്ദ്രൻ)*

'മലയാളിയുടെ ജീവിതത്തിൽ നിന്ന് നാടൻ നെല്ലിനങ്ങളും കൃഷിയും നാട്ടുമാവുകളുമൊക്കെ മാഞ്ഞുപോവുകയാണ്. ഇതോടൊപ്പം പുതിയ കാലത്തെ കുട്ടികൾക്ക് പല അനുഭവങ്ങളും നഷ്ടമാവുന്നു.' രചനാഭാഗങ്ങളും പ്രസ്താവനയും വിശകലനം ചെയ്ത് നിങ്ങളുടെ അഭിപ്രായങ്ങൾ സ്ഥാപിക്കുക.

സ്കോർ: 6 / സമയം : 10 മിനിട്ട് / ഒരു പുറം

**<u>വിലയിരുത്തൽ സൂചകങ്ങൾ:</u>**

- നൽകിയിരിക്കുന്ന രചനാഭാഗങ്ങളുടെയും പ്രസ്താവനയുടെയും സാമാന്യാശയം ഗ്രഹിച്ചിട്ടുണ്ട് (3)
- സമകാലികാനുഭവങ്ങളുമായി ബന്ധിപ്പിച്ച് വിശദീകരിച്ചിട്ടുണ്ട് (3)

ആകെ 6

**CO:** ആധുനിക കവിതകളിൽ തെളിയുന്ന സാമൂഹിക വീക്ഷണം വിശകലനം ചെയ്ത് പഠനങ്ങൾ തയ്യാറാക്കുന്നതിന്.

**ചോദ്യം : കുറിപ്പ് തയ്യാറാക്കുക.**

'കണ്ണീരണിഞ്ഞു കുഗ്രാമലക്ഷ്മി നോക്കിയിരിക്കവേ
കേവഞ്ചി കേറിപ്പോയോണപ്പൂനിലാവണി രാവുകൾ'

പി. കുഞ്ഞിരാമൻ നായരുടെ ഈ വരികൾ പ്രസിദ്ധമാണല്ലോ. കുറ്റിപ്പുറം പാലം, കണ്ണാന്തളിപ്പൂക്കളുടെ കാലം എന്നീ പാഠഭാഗങ്ങളിലെ സമാനമായ ആശയ സൂചനകളുടെ പശ്ചാത്തലത്തിൽ പി.യുടെ വരികൾക്ക് ഒരു ലഘു പഠനക്കുറിപ്പ് തയ്യാറാക്കുക.

സ്കോർ: 6 / സമയം : 10 മിനിട്ട്/ഒരുപുറം

**<u>വിലയിരുത്തൽ സൂചകങ്ങൾ:</u>**

- സമാനമായ ആശയങ്ങൾ പാഠഭാഗങ്ങളിൽ നിന്ന് കണ്ടെത്തി ബന്ധിപ്പിച്ചിട്ടുണ്ട് (4)
- തനിമയുള്ള നിരീക്ഷണങ്ങൾ ഉണ്ട് (2)

ആകെ 6

**CO:** വിവിധ സാഹിത്യരചനകളിലെ സാമൂഹിക പ്രസക്തിയുള്ള വിഷയങ്ങൾ കണ്ടെത്തി പഠനം തയ്യാറാക്കുന്നതിന്

**ചോദ്യം : പ്രഭാഷണം തയ്യാറാക്കുക.**

| ഓണക്കാലത്ത് എൽ.ജി<br>പ്രതീക്ഷിക്കുന്ന വിറ്റുവരവ്<br>അറുപതു കോടി | ഓണത്തിനായി തമിഴ്നാട്ടിൽ<br>നാട്ടിൽ തോവാളയിൽ<br>പൂക്കളുണരുന്നു |
|---|---|

പത്രവാർത്തയുടെ അടിസ്ഥാനത്തിൽ 'മലയാളിയുടെതല്ലാതാവുന്ന ഓണം' എന്ന വിഷയത്തിൽ ഒരു പ്രഭാഷണം തയ്യാറാക്കുക.

സ്കോർ: 6 / സമയം. 10 മിനിട്ട് / ഒരുപുറം

**വിലയിരുത്തൽ സൂചകങ്ങൾ:**

- വാർത്താസൂചനകളുടെ അടിസ്ഥാനത്തിൽ സാമാന്യമായി ആശയവിശകലനം നടത്തിയിട്ടുണ്ട് (3)
- നിരീക്ഷണങ്ങൾക്ക് തനിമയുണ്ട് (2)
- പ്രഭാഷണത്തിന്റെ ഘടനയുണ്ട് (1)

ആകെ 6

**CO:** രചനകൾ വായിച്ച് സാമൂഹികാംശങ്ങളുടെ അപഗ്രഥനം നടത്തി കുറിപ്പുകൾ തയ്യാറാക്കുക.

**ചോദ്യം : കുറിപ്പ് തയ്യാറാക്കുക.**

കവിത വ്യത്യസ്ത രീതിയിലാണ് വായനക്കാരിൽ പ്രതികരണമുളവാക്കുന്നത്. സുഗതകുമാരിയുടെ 'നോവിക്കല്ലേ' എന്ന കവിത, മനോജ് എന്ന കൊച്ചു കുട്ടിക്ക് ആഴത്തിലുള്ള വൈകാരികാനഭവമാകാനുള്ള സവിശേഷമായ സാഹചര്യം കണ്ടെത്തി കുറിപ്പു തയ്യാറാക്കുക.

സ്കോർ: 6 / സമയം: 10 മിനിട്ട് / ഒരുപുറം

**വിലയിരുത്തൽ സൂചകങ്ങൾ:**

- 'നോവിക്കല്ലേ' എന്ന രചനയുടെ സാമാന്യാശയം ഉൾക്കൊള്ളിച്ചിട്ടുണ്ട് (4)
- മനോജിന്റെ സവിശേഷ ജീവിതസാഹചര്യത്തിൽ ഈ കവിതയ്ക്ക് കൈവരുന്ന അർത്ഥവ്യാപ്തി കണ്ടെത്തിയിട്ടുണ്ട്. (2)

ആകെ 6

**CO:** ദൈനംദിന ജീവിതവുമായി ബന്ധപ്പെട്ട ഭാഷാ വ്യവഹാരമായ അപേക്ഷകളിൽ വൈദഗ്ദ്ധ്യം നേടുക.

**ചോദ്യം : അപേക്ഷ തയ്യാറാക്കുക.**

**REQUIRES**

Applications are invited for the following post:

Post : Receptionist

Qualifications: Plus two passed + Computer

Interested persons may send their application within two days

SECRETARY

ANUBHAVAM

KOZHIKODU - 5

ഈ പരസ്യത്തെ അടിസ്ഥാനമാക്കി ഒരു അപേക്ഷ മലയാളത്തിൽ തയ്യാറാക്കുക.

സ്കോർ : 6 / അരപ്പുറം

**വിലയിരുത്തൽ സൂചകങ്ങൾ:**

- രൂപഘടനയ്ക്ക് (2)
- അപേക്ഷയുടെ സമഗ്രത, കൃത്യത, സംക്ഷിപ്തത തുടങ്ങിയവയ്ക്ക് (4)

ആകെ 6

# യൂണിറ്റ് : 2

# ചേതോഹരക്കാഴ്ചകൾ

**CO:** കൃതികൾ താരതമ്യം ചെയ്ത് കുറിപ്പുകൾ തയ്യാറാക്കുന്നതിന്.

**ചോദ്യം : താരതമ്യക്കുറിപ്പ് തയ്യാറാക്കുക.**

അതിർത്തികളിൽ വിശ്വസിക്കുന്നവരോട്
ഉറവകളും നക്ഷത്രങ്ങളും സംസാരിക്കുകയില്ല.
എനിക്ക് അതിർത്തികളിൽ വിശ്വാസമില്ല.
മൺതരികൾക്കറിയുമോ
അവർ കിടക്കുന്നത് ഏതു നാട്ടിലാണെന്ന് ?
ആപ്പിൾ മരങ്ങളുടെ വേരുകൾ
മനുഷ്യരുണ്ടാക്കിയ മതിലുകൾക്കിടയിലൂടെ
അന്യോന്യം കൈകോർക്കുന്നു.
കാറ്റും ജലവും വേരുകളും
മതിലുകൾക്കെതിരെ പ്രവർത്തിക്കുന്നു
കിളികൾ കൂർത്ത ചിറകുകൾ കൊണ്ട്
അതിരുകൾ മുറിച്ചു കളയുന്നു.
ഭൂപടത്തിലെ വരകൾ ഒരു കരിയിലയെപ്പോലും
തടുത്തു നിർത്തുന്നില്ല.
നമുക്കു പുഴകളാവുക.

*(ലാൽദെദ് അതിർത്തികൾക്കെതിരെ സംസാരിക്കുന്നു - സച്ചിദാനന്ദൻ)*

'വീടുകൾ' എന്ന കവിതയിലൂടെ ഒ.എൻ.വി. മുന്നോട്ടുവെയ്ക്കുന്ന വിശാലമാനവിക ദർശനത്തെ, സച്ചിദാനന്ദന്റെ ഈ കവിതയുടെ ആശയതലവുമായി താരതമ്യം ചെയ്ത് ഒരു കുറിപ്പ് തയ്യാറാക്കുക.
സ്കോർ: 8/ സമയം : 15 മിനിട്ട് / ഒരു പുറം

**വിലയിരുത്തൽ സൂചകങ്ങൾ:**

| | | |
|---|---|---|
| – | കവിതകളിലെ ആശയം ഗ്രഹിച്ചിട്ടുണ്ട് | (2) |
| – | രണ്ടു കവിതകളിലെയും ദർശനങ്ങൾ താരതമ്യം ചെയ്തിട്ടുണ്ട് | (3) |
| – | അവതരണശൈലി | (1) |
| | ആകെ | 6 |

**CO:** രചനകൾ വായിച്ച് സാമൂഹികാംശങ്ങളുടെ അപഗ്രഥനം നടത്തി കുറിപ്പുകൾ തയ്യാറാക്കുക.

**ചോദ്യം : പ്രതികരണക്കുറിപ്പ് തയ്യാറാക്കുക.**

'പകയറ്റ നോട്ടവും പതിരറ്റ മൊഴികളും പരുഷതയെ സുസ്നിദ്ധമാക്കിടും സ്പർശവും അപരന്റെ ദാഹത്തിനെന്റേതിനേക്കാളുമധികമാം കരുതലും കരുണയും' – കവി സാക്ഷാത്കരിക്കാൻ കൊതിക്കുന്ന ലോകത്തിന്റെ മൂല്യങ്ങളാണിവ. ഇത്തരമൊരു ലോകം കവികൽപന മാത്രമാണോ? ഇതിനുള്ള പ്രതിബന്ധങ്ങളെന്താണ്? ഒരു നവലോക സൃഷ്ടിക്കു നിങ്ങളുടെ ചിന്തകൾ കൂടി അവതരിപ്പിക്കുന്ന പ്രതികരണക്കുറിപ്പ് എഴുതുക.
സ്കോർ: 8 /സമയം : 10 മിനിട്ട് / ഒരുപുറം

**വിലയിരുത്തൽ സൂചകങ്ങൾ:**

- ആശയം ഗ്രഹിച്ചിട്ടുണ്ട് (2)
- പുതിയ ലോകത്തിലെ പലതരത്തിലുള്ള വിവേചനങ്ങളെക്കുറിച്ച് ധാരണയുണ്ട് (4)
- സ്വന്തം നിഗമനങ്ങൾ അവതരിപ്പിച്ചിട്ടുണ്ട് (2)

ആകെ 8

**CO:** ചെറുകഥകളും നോവലുകളും വായിച്ച് ഭാഷാപരമായ സവിശേഷതകൾ, ആഖ്യാനപരമായ പ്രത്യേകതകൾ എന്നിവ കണ്ടെത്തി പ്രബന്ധങ്ങൾ തയ്യാറാക്കുന്നതിന്.

**ചോദ്യം : ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.**

'ഡ്രൈവറും അപ്പോൾ ആ വഴി വന്ന ഒരു തടിയനും കൂടി അയാളെ ഒരു ടെലിഫോൺ പോസ്റ്റിനോട് ചേർത്ത് കെട്ടി. ബഹളംകേട്ട് ആരൊക്കെയോ ഓടിയടുത്തപ്പോൾ അയാൾ തന്റെ വലിയ വായ അവർക്കുനേരെ തുറന്നുപിടിച്ചു. അതിൽ ഈരേഴു പതിനാലു ലോകങ്ങളുണ്ടെന്ന കാര്യം അയാൾക്കുറപ്പായിരുന്നു' - *(മായാമയൻ* - **എൻ. പ്രഭാകരൻ)**

'മായാമയൻ' എന്ന കഥാശീർഷകവും മുകളിൽ കൊടുത്തിരിക്കുന്ന കഥാസന്ദർഭത്തിന്റെ സൂക്ഷ്മ പാരായണവും നൽകുന്ന അർത്ഥസൂചനകൾ വിശദീകരിച്ച് ആസ്വാദനക്കുറിപ്പ് എഴുതുക.

സ്കോർ: 6 / ഒരുപുറം

**വിലയിരുത്തൽ സൂചകങ്ങൾ:**

- ശീർഷകത്തിന്റെ ഔചിത്യം വ്യക്തമാക്കിയിട്ടുണ്ട് (2)
- അർത്ഥസൂചനകൾ വിശദീകരിച്ചിട്ടുണ്ട്. (4)

ആകെ 6

**CO:** കവിതകളുടെ താളഭംഗി ധ്വനി തുടങ്ങിയവ കണ്ടെത്തി ആസ്വാദനക്കുറിപ്പുകൾ തയ്യാറാക്കുന്നതിന്.

**ചോദ്യം : കുറിപ്പ് തയ്യാറാക്കുക.**

സ്നിഗ്ദ്ധാന്നമോമനിച്ചുള്ള
ഗാത്രത്തിൽ നൃത്തമാടിഹാ!
പട്ടടച്ചാമ്പലാൽ, ച്ചിത്രം
പാടേ മാച്ചുകളഞ്ഞതും

ഈ വരികൾക്ക് ഭൗതിക ജീവിതത്തിൽ നശ്വരതയുടെ അനുഭവം പകരാൻ കഴിയുന്നുണ്ടോ? - സ്വാഭിപ്രായം രേഖപ്പെടുത്തുക.

സ്കോർ : 6 / അരപ്പുറം

**വിലയിരുത്തൽ സൂചകങ്ങൾ:**

- ആശയം വ്യക്തമാക്കിയിട്ടുണ്ട് (4)
- സ്വന്തം നിരീക്ഷണങ്ങൾ (2)

ആകെ 6

**CO:** ചെറുകഥകളിലെ ആഖ്യാനപരമായ പ്രത്യേകതകൾ കണ്ടെത്തി അവതരിപ്പിക്കുന്നതിന്.

**ചോദ്യം : നിരീക്ഷണങ്ങൾ കുറിക്കുക.**

കോവിലൻ പുനത്തിൽ കുഞ്ഞബ്ദുള്ളയുടെ സ്മാരകശിലകൾക്ക് എഴുതിയ ആസ്വാദനപഠനത്തിൽ അവതരിപ്പിച്ചിട്ടുള്ള രണ്ടു ശ്രദ്ധേയമായ നിരീക്ഷണങ്ങൾ കുറിക്കുക.

*മാതൃക :* ജീവിതകഥകൾ കെട്ടുകഥകളായി രൂപാന്തരപ്പെടുന്നു.

സ്കോർ: 4

**വിലയിരുത്തൽ സൂചകങ്ങൾ**

- രണ്ടു നിരീക്ഷണങ്ങൾ കണ്ടെത്തിയിട്ടുണ്ട്. (4)

**CO:** കവിതകളുടെ താളഭംഗി, ധ്വനി തുടങ്ങിയവ കണ്ടെത്തി ആസ്വാദനക്കുറിപ്പുകൾ തയ്യാറാക്കുന്നതിന്.

**ചോദ്യം : വിശകലനം ചെയ്യുക.**

'അകക്കോവിലിലുള്ളോരു
വിളക്കിൻ പ്രതിബിംബമായ്
അനങ്ങാതെ തിരിത്തുമ്പ-
ത്തിരിക്കും സർവ്വസാക്ഷിതാൻ'

'ദീപം, സൂര്യൻ, ആത്മാവ് ഇവയെ പരസ്പരം ബന്ധിപ്പിക്കുന്നതിലൂടെ 'ദീപം' എന്ന കവിതയ്ക്ക് സവിശേഷമായ ഒരു ഭാവതലം കൈവന്നിട്ടുണ്ട്.'

- കവിതയുമായി ബന്ധിപ്പിച്ച് ഈ പ്രസ്താവനയെ വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

സ്കോർ: 6 / സമയം: 10 മിനിട്ട് / ഒരുപുറം

**വിലയിരുത്തൽ സൂചകങ്ങൾ**

| | | |
|---|---|---|
| - | പ്രസ്താവനയിലെ ആശയം ഉൾക്കൊണ്ടിട്ടുണ്ട്- | (2) |
| - | കവിതയുമായി ബന്ധിപ്പിച്ച് വിശകലനം ചെയ്തിട്ടുണ്ട് | (4) |
| | ആകെ | 6 |

**CO:** കവിതകളുടെ രചനാപരമായ സവിശേഷതകൾ തിരിച്ചറിയുന്നതിന്.

**ചോദ്യം : വിശകലന കുറിപ്പ് തയ്യാറാക്കുക.**

സാമൂഹികപ്രശ്നങ്ങളുടെ തീവ്രമായ ആവിഷ്ക്കാരം മാത്രമല്ല കവിത. മനുഷ്യന്റെ ആന്തരിക ജീവിതാന്വേഷണങ്ങളും അനുഭവങ്ങളുടെ സൗന്ദര്യാത്മക ആവിഷ്ക്കാരങ്ങളും മഹത്വമാർന്ന കവിതകൾക്ക് കാരണമാകാറുണ്ട്.

'ദീപം' എന്ന കവിതയെ ഏതു ഗണത്തിലാണ് ഉൾപ്പെടുത്തുക ? നിങ്ങളുടെ നിരീക്ഷണത്തിന് അടിസ്ഥാനമായ വസ്തുതകളെ വിശദമാക്കി ഒരു കുറിപ്പ് തയ്യാറാക്കുക.

സ്കോർ: 6 / സമയം: 10 മിനിട്ട് /ഒരുപുറം

**വിലയിരുത്തൽ സൂചകങ്ങൾ:**

| | | |
|---|---|---|
| - | ഉചിതമായ ഗണത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട് | (1) |
| - | ആശയവുമായി ബന്ധിപ്പിച്ച് വിശകലനം ചെയ്തിട്ടുണ്ട് | (3) |
| - | യുക്തിഭദ്രമായി സമർത്ഥിച്ചിട്ടുണ്ട് | (2) |
| | ആകെ | 6 |

**CO:** രചനകൾ വായിച്ച് സാമൂഹികാംശങ്ങളുടെ അപഗ്രഥനം നടത്തി കുറിപ്പുകൾ തയ്യാറാക്കുക.

**ചോദ്യം : അപഗ്രഥിച്ച് കുറിപ്പ് തയ്യാറാക്കുക.**

'എം.പി. നാരായണപിള്ളയുടെ 'കള്ളൻ' എന്ന കഥയിലെ കേന്ദ്രകഥാപാത്രത്തിന്റെ ജീവിതത്തോടുള്ള കാഴ്ചപ്പാടിനെ രൂപപ്പെടുത്തിയത് അയാളുടെ അനുഭവങ്ങളാണ്.' കള്ളന്റെ പ്രവൃത്തികൾ ഇത്തരത്തിൽ ആയിത്തീരാനിടയാക്കിയ സംഭവങ്ങൾ കഥയിൽ നിന്നും എടുത്തുകാട്ടി ഈ അഭിപ്രായത്തെ വിലയിരുത്തുക.

സ്കോർ : 6 / സമയം: 10 മിനിട്ട് /ഒരുപുറം

**വിലയിരുത്തൽ സൂചകങ്ങൾ:**

| | | |
|---|---|---|
| - | പ്രസ്താവനയിലെ ആശയം തിരിച്ചറിഞ്ഞിട്ടുണ്ട് | (2) |
| - | ലോകത്തെക്കുറിച്ചുള്ള അയാളുടെ കാഴ്ചപ്പാട് അവതരിപ്പിച്ചിട്ടുണ്ട് | (2) |
| - | അതിന് ആസ്പദമായ തിക്താനുഭവങ്ങൾ സൂചിപ്പിച്ചിട്ടുണ്ട് | (2) |
| | ആകെ | 6 |

**CO:** ആധുനിക കവിതകളിൽ തെളിയുന്ന സാമൂഹിക വീക്ഷണം വിശകലനം ചെയ്ത് പഠനങ്ങൾ തയ്യാറാക്കുന്നതിന്.

**ചോദ്യം : ആസ്വാദനക്കുറിപ്പു തയ്യാറാക്കുക.**

വ്യക്തിയിൽ നിന്നാരംഭിച്ച് സമൂഹത്തിലൂടെ വളർന്ന് ലോകത്തിന്റെ വിശാലതയോളം വ്യാപിക്കുന്ന മാനവിക ബോധമാണ് 'വീടുകൾ' എന്ന കവിതയിൽ ആവിഷ്ക്കരിക്കപ്പെട്ടിരിക്കുന്നത്.

ഈ നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ 'വീടുകൾ' എന്ന കവിതയ്ക്ക് ഒരു ആസ്വാദനക്കുറിപ്പു തയ്യാറാക്കുക.

സ്കോർ: 8 / സമയം: 15 മിനിട്ട് / ഒരുപുറം

**<u>വിലയിരുത്തൽ സൂചകങ്ങൾ:</u>**

- വ്യക്തി, സമൂഹം, ലോകം എന്നിങ്ങനെ വീടുകളിലെ വിശ്വമാനവബോധത്തിലേയ്ക്ക് എത്തിച്ചേർന്ന ഘട്ടങ്ങൾ അവതരിപ്പിച്ചിട്ടുണ്ട് (6)
- ഉചിതമായി അവതരിപ്പിച്ചിട്ടുണ്ട് (2)

ആകെ 8

# യൂണിറ്റ് : 3

# മൊഴിവഴക്കം

**CO:** പ്രാചീന മലയാള കവിതകളിലെ ഭാഷാരീതി, താളവ്യവസ്ഥ എന്നിവ തിരിച്ചറിയുന്നതിന്.

**ചോദ്യം : കുറിപ്പ് തയ്യാറാക്കുക.**

'ഭാഷയുടെ മർമ്മം തൊടുന്ന പ്രയോഗങ്ങളിലൂടെയും ചടുലമായ താളക്രമത്തിലൂടെയും യുദ്ധ വർണ്ണനകളെ ദൃക്സാക്ഷി വിവരണമാക്കി മാറ്റാൻ എഴുത്തച്ഛന് സാധിക്കുന്നു'- ചുവടെ കൊടുത്തിട്ടുള്ള കാവ്യഭാഗങ്ങളെ ആസ്പദമാക്കി ഒരു കുറിപ്പ് തയ്യാറാക്കുക.

'കെട്ടിയും കാൽകൈ പരസ്പരം താഡനം
തട്ടിയും മുട്ടുകൊണ്ടും തല തങ്ങളിൽ
കൊട്ടിയുമേറ്റം പിടിച്ചും കടിച്ചുമ-
ങ്ങൂറ്റത്തിൽ വീണും പുരണ്ടുമുരുണ്ടുമുൾ-
ച്ചീറ്റം കലർന്നു നഖം കൊണ്ടു മാന്തിയും
ചാടിപ്പതിക്കയും കൂടെക്കുതിക്കയും
മാടിത്തടുക്കയും കൂടെക്കൊടുക്കയും
ഓടിക്കഴിക്കയും വാടി വിയർക്കയും
മാടി വിളിക്കയും കോപിച്ചടുക്കയും
ഊടെ വിയർക്കയും നാഡികൾ ചീർക്കയും...

*(ബാലിവധം - അധ്യാത്മരാമായണം)*

ചളിപ്പു കൈവിട്ടങ്ങടുത്തു കൈവാളാൽ
പൊളിച്ചു മാറിടം നഖങ്ങളെക്കൊണ്ടും
പൊടുപൊടെപ്പൊടിച്ചുടനുടനുടൻ
ചുടുചുടെത്തിളച്ചരുവിയാർ പോലെ
തുടുതുടെ വരും രുധിരപൂരത്തെ
കുടുകുടെക്കുടിച്ചലറിച്ചാടിയും

*(ശ്രീ മഹാഭാരതം)*

*രുധിരം - രക്തം

സ്കോർ: 8 / സമയം : 10 മിനിട്ട് /ഒരുപുറം

**വിലയിരുത്തൽ സൂചകങ്ങൾ:**

| | | |
|---|---|---|
| - | കാവ്യഭാഗങ്ങളിലെ ഭാഷാ സവിശേഷതകൾ, താളം എന്നിവ കണ്ടെത്തുന്നു | (4) |
| - | സന്ദർഭവുമായി ഇണക്കി അവതരിപ്പിക്കുന്നു | (4) |
| | ആകെ | 8 |

**CO:** ഭാഷാഭേദ വിജ്ഞാനീയത്തിന്റെ പ്രാഥമികതലങ്ങൾ പരിചയപ്പെടുന്നതിന്.

**ചോദ്യം :** *പദങ്ങൾ കണ്ടെത്തുക.*

വർഗ്ഗപരവും ജാതീയവുമായി പ്രകടമായ ഉയർച്ചതാഴ്ചകൾ നിലനിന്നിരുന്ന ഒരു സാമൂഹിക വ്യവസ്ഥയിൽ നിലവിലുണ്ടായിരുന്ന ഭാഷാപ്രയോഗ രീതിയാണ് ആചാരഭാഷ. വർഗ്ഗപരമായോ ജാതീയമായോ വ്യത്യസ്ത തലങ്ങളിലുള്ളവർ തമ്മിൽ സംസാരിക്കുമ്പോൾ ആചാരഭാഷ നിർബന്ധമായി ത്തന്നെ ഉപയോഗിച്ചിരുന്നു.

ഉദാ: തിരുമേനി: ഉയർന്ന ജാതി എന്നു കൽപിക്കപ്പെട്ടിരുന്നവരെയോ പ്രഭുക്കന്മാരെയോ, ജാതീയമായി താഴ്ന്ന അവസ്ഥയിലുള്ളവർ സംബോധന ചെയ്യുവാൻ ഉപയോഗിക്കുന്ന പദം.

കുപ്പമാടം: അടിയാന്മാർ തമ്പുരാന്റെ മുന്നിൽ തങ്ങളുടെ വീടിനെ കുറിക്കാൻ ഉപയോഗിക്കുന്ന പദം.

ഇത്തരത്തിൽ ആചാരഭാഷയായി ഉപയോഗിക്കപ്പെട്ടിരുന്ന രണ്ടു പദങ്ങൾ എഴുതി അവയുടെ പ്രയോഗസന്ദർഭം വിശദീകരിക്കുക.

സ്കോർ: 4 / സമയം : 5 മിനിട്ട്

**വിലയിരുത്തൽ സൂചകങ്ങൾ:**

- രണ്ട് ആചാരഭാഷാപദങ്ങൾ എഴുതുന്നു (2)
- പ്രയോഗസന്ദർഭം വിശദീകരിക്കുന്നു (2)

ആകെ 4

**CO:** വാക്യഘടനയുമായി ബന്ധപ്പെട്ട് ഭാഷാമാതൃകകൾ അപഗ്രഥിച്ച് കുറിപ്പ് തയ്യാറാക്കുക.

**ചോദ്യം :** *പട്ടികപ്പെടുത്തുക.*

മലയാളം ക്ലാസ്സിൽ തയ്യാറാക്കിയ പ്രാദേശിക ഭാഷാ ലെക്സിക്കൻ പ്രകാശനം ചെയ്തുകൊണ്ട് പ്രിൻസിപ്പൽ നിർവ്വഹിച്ച പ്രസംഗത്തിന്റെ പ്രസക്തഭാഗമാണ് താഴെ ചേർക്കുന്നത്. പ്രസ്തുത പ്രസംഗത്തിൽ അദ്ദേഹം ഉപയോഗിച്ച രണ്ട് അനുപ്രയോഗങ്ങളും അവ നൽകുന്ന സവിശേഷാർത്ഥങ്ങളും ഒരു പട്ടികയായി തയ്യാറാക്കുക.

'പ്രാദേശികഭാഷകൾ നമ്മുടെ സംസ്കാരത്തിന്റെ വിലപ്പെട്ട തിരുശേഷിപ്പുകളാണ്. പഴയ കാലത്തിന്റെ ഓർമ്മകൾ നിലനിർത്തിപ്പോരുന്നതോടൊപ്പം കഴിഞ്ഞുപോയ സമൂഹങ്ങളുടെ നന്മകളും ഈ ഭാഷാഭേദങ്ങൾ നമുക്ക് പകർന്നു തരുന്നുണ്ട്. കാരണം ഭാഷ എപ്പോഴും നമ്മുടെ സംസ്കാരത്തെക്കുറിച്ച് നമ്മളെത്തന്നെ ഓർമ്മിപ്പിച്ചു കൊണ്ടിരിക്കുന്നു. ഞാൻ ദീർഘിപ്പിക്കുന്നില്ല. നമ്മുടെ സ്കൂളിലെ ഒന്നാം വർഷ മലയാളം വിദ്യാർത്ഥികൾ ഏറ്റെടുത്ത അഭിനന്ദനാർഹമായ ഈ സാംസ്കാരികദൗത്യം, ഈ പ്രാദേശിക ഭാഷാ ലെക്സിക്കൻ, ഞാൻ നിങ്ങളുടെയെല്ലാം അനുവാദത്തോടുകൂടി പ്രകാശനം ചെയ്തുകൊള്ളുന്നു.'

| അനുപ്രയോഗം | സവിശേഷാർത്ഥം |
|---|---|
| നിലനിർത്തിപ്പോരുന്നു | തുടർച്ച, പതിവ് |
| ---------------- | ---------------- |
| ---------------- | ---------------- |

സ്കോർ: 4 / സമയം: 5 മിനിട്ട്

**വിലയിരുത്തൽ സൂചകങ്ങൾ:**

- അനുപ്രയോഗങ്ങളെക്കുറിച്ചുള്ള ധാരണ (4)

**CO:** സാഹിത്യകൃതികളിലെ വാമൊഴിയുടെ ശക്തി തിരിച്ചറിഞ്ഞ് അവയെ അടിസ്ഥാനമാക്കി കുറിപ്പ് തയ്യാറാക്കുക.

**ചോദ്യം : ലഘു ഉപന്യാസം തയ്യാറാക്കുക.**

'ഒരു കഥാപാത്രത്തിന്റെ വ്യക്തിത്വം പ്രകാശിപ്പിക്കുന്നതിൽ ആ കഥാപാത്രം ഉപയോഗിക്കുന്ന വാമൊഴിയ്ക്ക് ഏറെ പ്രാധാന്യമുണ്ട്.' 'ഒഴക്ക് കഞ്ഞെർള്ളം' (ആലാഹയുടെ പെൺമക്കൾ) എന്ന നോവൽ ഭാഗത്തുള്ള 'മറിഞ്ചേട്ത്തി', 'ന്റുപ്പൂപ്പാക്കൊരാനേണ്ടാർന്ന്' എന്ന നോവലിലെ കുഞ്ഞുപാത്തുമ്മ എന്നീ

കഥാപാത്രങ്ങളുടെ വാമൊഴിയെയും വ്യക്തിത്വത്തെയും വിശകലനം ചെയ്ത് മുകളിൽ കൊടുത്ത പ്രസ്താവന സാധുവാണോ എന്നു പരിശോധിക്കുക.

സ്കോർ: 6 /സമയം : 10 മിനിട്ട്

**വിലയിരുത്തൽ സൂചകങ്ങൾ:**

| | | |
|---|---|---|
| – | വാമൊഴിയേയും പാത്രവ്യക്തിത്വത്തേയും ബന്ധപ്പെടുത്തുന്നതിന് | (3) |
| – | നിരീക്ഷണങ്ങളിലെ മൗലികതയ്ക്ക് | (1) |
| – | യുക്തിഭദ്രമായ സമർത്ഥനത്തിന് | (2) |
| | ആകെ | 6 |

**CO:** വിവിധ കാലഘട്ടങ്ങളിലെ കാവ്യഭാഷയുടെ സവിശേഷതകൾ കണ്ടെത്തി പ്രബന്ധം തയ്യാറാക്കുന്നതിന്.

**ചോദ്യം : അന്യഭാഷാപദങ്ങൾ കണ്ടെത്തുക.**

മോയിൻകുട്ടി വൈദ്യരുടെ രചനകൾ അറബിമലയാളത്തിലെ മിശ്രഭാഷയ്ക്ക് നല്ല ഉദാഹരണമാണ്. - എം.എൻ. കാരശ്ശേരി.

ബദറുൽ മുനീർ ഹുസ്നുൽജമാലിലെ കാവ്യഭാഷ ഈ വാദത്തിന് തെളിവാണ്. അറബി, തമിഴ്, മലയാളം പദങ്ങൾ തമ്മിൽ തിരിച്ചറിയാനാവാത്ത വിധം ഇടകലർത്തി, ഈ കാവ്യത്തിൽ പ്രയോഗിച്ചിട്ടുണ്ട്.

ഉദാ: തഖ്ത്തിൽ - തഖ്ത്ത് (അറബി) +ഇൽ (മലയാളം) മികന്തെ, അണിന്ത (തമിഴ്)

താഴെ കൊടുത്ത കാവ്യഭാഗത്ത് പ്രയോഗിക്കപ്പെട്ടിരിക്കുന്ന നാല് അന്യഭാഷാ പദങ്ങൾ തിരഞ്ഞെടുത്തെഴുതുക.

‘പവിഴപ്പൊൻ ചുണ്ടാലെ പുഞ്ചിരിത്തും
പുഞ്ചിരിത്തന്ന നടച്ചായലിൽ
പൂമാനത്തേവി വരവു തന്നിൽ
തഞ്ചങ്ങൾ ജിന്നും മനുവർ കണ്ടാൽ
തൻ പോതം വിട്ടു മദപ്പെടുമേ
പഞ്ചവർണ്ണക്കിളി രാജപുമാൾ
പിരിശം ബദുൽ മുനീറെക്കൊള്ളാ
നെഞ്ചക്കടലിൽ തിളച്ച ഹുബ്ബ്
നേശം പിരിയാതിരിക്കും നാളിൽ
നാമക്കരുത്തൻ ബദറുൽ മുനീർ
നാളുകം ഒത്തെ പുരുഷരില്ലെ’

സ്കോർ: 2/ സമയം: 5 മിനിട്ട്

**വിലയിരുത്തൽ സൂചകങ്ങൾ:**

| | | |
|---|---|---|
| – | അന്യഭാഷാ പദങ്ങൾ കണ്ടെത്തുന്നതിന് | (2) |

**CO:** സാഹിത്യകൃതികളിലെ വാമൊഴിയുടെ ശക്തി തിരിച്ചറിഞ്ഞ് അവയെ അടിസ്ഥാനമാക്കി കുറിപ്പുകൾ തയ്യാറാക്കുക.

**ചോദ്യം : ഉപന്യാസം തയ്യാറാക്കുക.**

‘പോട്ടച്ചാ, മ്മടെ ക്ടാങ്ങളല്ലേ?’

‘മ്മടെ ക്ടാങ്ങളേയ്! എന്റ്യങ്ങാമ്പായിര്ന്നെങ്ങി... കാണാരുന്നു!’

പല്ലുകടിച്ച് ദേഷ്യം ഒതുക്കി ദാനിയലച്ചൻ കോളനിക്കാരെ ഉപദേശിക്കും.

‘ഇങ്ങന്യണ്ടാ ക്ടാങ്ങളെ വള്ത്ത്വാ ? ചുട്ട പെട പെടച്ച് വളത്തിക്കോട്ടോ. അല്ലെങ്ങി ഇവനൊക്കെ

നിന്നെ വിറ്റ് കാശ് മാറും. തലേല് കേറിര്ന്ന്ട്ട് ചെവി തിന്നണ ജന്ത്ക്കളാ. സൂക്ഷിച്ചാ.'

മുതിർന്നവർ അത് സമ്മതിച്ചുകൊടുക്കും. 'അന്തി മൊളയാൻ കൂട്ടില്യ്ക്ക് എത്താണ്ടിരിയ്ക്കില്ലല്ലാ - അപ്പൊ പിടിച്ച് പൊട്ടിച്ചോളാം.'

അച്ചൻ മുന്നോട്ടു നടന്നാൽ കോളനിയുടെ മറ്റേത്തല വരെ കുലുങ്ങുന്ന രീതിയിൽ കുട്ടികൾ ആവേശത്തോടെ വിളിക്കും.

'നേർച്ച കട്ട കള്ളോ!'

പിന്നെ ദാനിയേലച്ചന് നിയന്ത്രണമില്ല.

'ദൈര്യണ്ടങ്കി പൊറത്തയ്ക്ക് വാടാ കുട്ടിപ്പിശാശ്ക്കളേ... നരകവാറോതനൻമാരേ!' അച്ചൻ വെല്ലുവിളിക്കും.

*(ഒതപ്പ് - സാറാ ജോസഫ്)*

'എന്തേരാ ?'

'മറിഞ്ചേട്ത്തി വല്ലതും കണ്ടോ ?'

'ഇല്യാ....'

'മോള് വല്ലതും കണ്ടോ ?'

ആനി പേടിച്ച് അമ്മാമയെ മുറുകെ പിടിച്ചു.

'തെണ്ടന്ണ് മറിഞ്ചേട്ത്യേ...!' കോച്ചാത്തി വിറയ്ക്കുന്നുണ്ടായിരുന്നു. അമ്മാമ അരയ്ക്കലാമ്പ് അവന്റെ കയ്യിൽ നിന്ന് പിടിച്ചുവാങ്ങി. അതും പൊക്കിപ്പിടിച്ച് അമ്മാമ ഉറക്കെ ചോദിച്ചു.

'ഏത് തെണ്ടന്ണ്ടാ അവടെ? ദയിര്യണ്ടങ്ക്യ വാടാ... ഇത് കോക്കാഞ്ചറ മറിയണ്! എന്റെ ക്ടാവിനെ പേടിപ്പിച്ചാല്ണ്ടല്ലാ... നിന്നെ ഞാൻ എത്തിയ്ക്കണ്ടോടത്താ എത്തിക്കും.'

*(ഒഴക്ക് കഞ്ഞെർള്ളം - ആലാഹയുടെ പെൺമക്കൾ - സാറാജോസഫ്)*

'നാട്ടുമൊഴിയുടെ താളസൗന്ദര്യം കൂടി ഉൾച്ചേർത്ത വാമൊഴിയുടെ സമർത്ഥമായ പ്രയോഗത്താൽ, ഒരു നാടും ജനതയും അവരുടെ വേരുകളോടെത്തന്നെ സാറാജോസഫിന്റെ നോവലുകളിലേയ്ക്ക് ആനയിക്കപ്പെടുന്നു' - മുകളിൽ കൊടുത്ത നോവൽഭാഗങ്ങൾ പരിശോധിച്ച് ഈ പ്രസ്താവനയെ വിലയിരുത്തി ഒരു ഉപന്യാസം തയ്യാറാക്കുക.

*സൂചനകൾ:*

- വാമൊഴി ഭാഷയുടെ ഔചിത്യം
- കഥാപാത്രങ്ങളുടെ ഭാഷയും അവരുടെ വികാരങ്ങളുടെ ആവിഷ്ക്കാരവും.
- സാമൂഹിക ജീവിതയും വാമൊഴിഭാഷയും
- വാമൊഴിയുടെ താളം

സ്കോർ: 8/ സമയം : 10 മിനിട്ട്

**വിലയിരുത്തൽ സൂചകങ്ങൾ:**

| | | |
|---|---|---|
| - | സാഹിത്യത്തിൽ വാമൊഴിയുടെ സ്ഥാനം സൂചനകളുമായി ബന്ധിപ്പിച്ച് വിശകലനം ചെയ്യുന്നു | (5) |
| - | സ്വന്തം നിരീക്ഷണങ്ങൾ സമർത്ഥിക്കുന്നു | (2) |
| - | രചനാശൈലി | (1) |
| | ആകെ | 8 |

**CO:** ഉള്ളടക്കത്തിന്റെ സവിശേഷതകൾക്കനുസരിച്ച് സാഹിത്യഭാഷയിൽ പ്രകടമാവുന്ന വൈവിധ്യം കണ്ടെത്തി കുറിപ്പു തയ്യാറാക്കുക.

**ചോദ്യം :** *കുറിപ്പ് തയ്യാറാക്കുക.*

പല്ലുകടിച്ചലറിക്കൊണ്ടു ബാലിയും
നില്ലു നില്ലെന്നണഞ്ഞോരു നേരം തദാ
മുഷ്ടികൾ കൊണ്ടു താഡിച്ചിതു ബാലിയെ
രുഷ്ടനാം ബാലി സുഗ്രീവനെയും തഥാ

മുഷ്ടി ചുരുട്ടി പ്രഹരിച്ചിരിക്കവേ
കെട്ടിയും കാൽകൈ പരസ്പരം താഡനം
തട്ടിയും മുട്ടുകൊണ്ടും തല തങ്ങളിൽ
കൊട്ടിയുമേറ്റം പിടിച്ചും കടിച്ചുമ-
ങ്ങൂറ്റത്തിൽ വീണും പുരണ്ടുമുരുണ്ടുമുൾ-
ച്ചീറ്റം കലർന്നു നഖം കൊണ്ടു മാന്തിയും

*(ബാലി വധം - എഴുത്തച്ഛൻ)*

* (ബാലി - സുഗ്രീവയുദ്ധം)

ചാർച്ചയും ചേർച്ചയും കൈക്കൊണ്ടൊരേടത്തു
വായ കുതൂഹല സ്നേഹബന്ധത്തൊടും
കൂടുമൊരിത്തിരി നേരമവരവ-
രീടിന കർമ്മഗതിക്കൊത്ത വണ്ണമേ
ഓരോരോ നാളിലോരോരോ വഴിയേ പോയ്
വേറാമതിനെന്തു കാരണം കേഴുവാൻ
മൂത്തുപഴുത്തു കൊഴിഞ്ഞുപോകും ചില ഫല-
മോർത്തീടു പൂവിൽ കൊഴിഞ്ഞു പോകും ചില:
പത്രങ്ങളും പഴുത്താൽ കൊഴിയും ചില
പുത്ഥീപതേ! തളിരും കൊഴിയും ചില
നീർപ്പോള പോലെ ശരീരങ്ങളിങ്ങനെ
വായ്പോടു കാണാം മറയുമുടനവ.

*(സ്ത്രീപർവ്വം - എഴുത്തച്ഛൻ)*

*(കുരുക്ഷേത്ര യുദ്ധം കഴിഞ്ഞ് പുത്രദുഃഖത്താലുഴലുന്ന ധൃതരാഷ്ട്രരെ വിദുരർ സാന്ത്വനിപ്പിക്കുന്ന സന്ദർഭം)

'ഭാവത്തിനനുസൃതമായി ഭാഷയെ പരുവപ്പെടുത്തുക എന്നത് ഏതൊരു എഴുത്തുകാരന്റെയും മുന്നിലുള്ള വെല്ലുവിളികളിലൊന്നാണ്. മേൽകൊടുത്ത കാവ്യഭാവങ്ങൾ പരിശോധിച്ച് എഴുത്തച്ഛൻ - ഈ വെല്ലുവിളിയെ എങ്ങനെ മറികടന്നുവെന്ന് വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക.

സ്കോർ: 8/ സമയം : 15 മിനിട്ട്

**വിലയിരുത്തൽ സൂചകങ്ങൾ:**

| | | |
|---|---|---|
| - | കവിതകളിലെ ഭാവം ഉൾക്കൊള്ളുന്നു | (3) |
| - | ഭാഷയും ഭാവവും താരതമ്യം ചെയ്യുന്നു | (3) |
| - | അവതരണരീതി/രചനാശൈലി | (2) |
| | ആകെ | 8 |

**CO:** സാഹിത്യത്തിലെ വാമൊഴിയുടെ ശക്തി തിരിച്ചറിഞ്ഞ് അവയെ അടിസ്ഥാനമാക്കി കുറിപ്പുകൾ തയ്യാറാക്കുന്നു.

**ചോദ്യം : ലഘുകുറിപ്പ് തയ്യാറാക്കുക**

താഴെ കൊടുക്കുന്ന നാടൻ പാട്ടിലെ വാമൊഴി ഭാഷയുടെ സംസ്കാര സവിശേഷതകളെക്കുറിച്ച് ഒരു ലഘു കുറിപ്പ് തയ്യാറാക്കുക.

'നേരം പോയ് നേരം പോയ്
പൂക്കൈത മറ പറ്റി
കാലംകോഴി കൊളക്കോഴി
തത്തി തത്തിച്ചാടുന്നേ
ഏനവിടെച്ചെന്നപ്പം

കെട്ടാപ്പുര കെട്ടിച്ചേ
ഏനവിടെ ചെന്നപ്പം
കുത്താക്കുളം കുത്തിച്ചേ
അരത്തൊണ്ട് കള്ളും തന്ന്
കൊല്ലാക്കൊല ചെയ്യിണയോ
അരമുറിക്കരിക്കും തന്ന്
കൊല്ലാക്കൊല ചെയ്യണിയോ
അരമുറിക്കരിക്കും നന്ന്
കൊല്ലാക്കൊല ചെയ്യണിയോ?

സ്കോർ : 4 /സമയം : 5 മിനിട്ട് / അരപ്പേജ്

**വിലയിരുത്തൽ സൂചകങ്ങൾ:**

| | | | |
|---|---|---|---|
| – | വാമൊഴിയുടെ സാംസ്കാരിക സവിശേഷതകൾ കണ്ടെത്തുന്നതിന് | – | (3) |
| – | അവതരണശൈലിക്ക് | – | (1) |
| | ആകെ | | 4 |

**CO:** ഭാഷാഭേദ മാതൃകകൾ ശേഖരിക്കുന്നു.

**ചോദ്യം : പട്ടികപ്പെടുത്തുക.**

വിദ്യാലയത്തില കലാസാഹിത്യവേദി പുറത്തിറക്കുന്ന പ്രാദേശിക ഭാഷാ ലെക്സിക്കനിൽ ഉൾപ്പെടുത്തുന്നതിനായി, നിങ്ങളുടെ പ്രദേശത്തെ കാർഷിക വ്യവസ്ഥയുമായി ബന്ധമുണ്ടായിരുന്ന നാല് നാടൻ പദങ്ങൾ, അവയുടെ മാനകരൂപം, പ്രയോഗസന്ദർഭം എന്നിവ ഉൾപ്പെടെ ഒരു പട്ടികയായി തയ്യാറാക്കുക.
സ്കോർ: 6/ സമയം : 5 മിനിട്ട്

**വിലയിരുത്തൽ സൂചകങ്ങൾ:**

- പദം, അർത്ഥം, പ്രയോഗസന്ദർഭം എന്നിവയുടെ വിശദീകരണത്തിന് (6)

**CO:** ഭാഷാഭേദ മാതൃകകൾ ശേഖരിക്കുകയും അപഗ്രഥിക്കുകയും ചെയ്യുന്നു.

**ചോദ്യം : അന്യഭാഷാപദങ്ങൾ കണ്ടെത്തുക.**

ഒരു പത്രക്കുറിപ്പിൽ നിന്നുള്ള ഭാഗമാണ് താഴെ കൊടുത്തിരിക്കുന്നത്. നമ്മുടെ ഭരണഭാഷയുമായി ബന്ധപ്പെട്ട നിരവധി പദങ്ങൾ ഈ കുറിപ്പിൽ കാണാം. ഇവയിൽ മിക്കതും അറബി-പേഴ്സ്യൻ ഭാഷകളിൽ നിന്നും മലയാളത്തിലേയ്ക്കു കടന്നുവന്നവയാണ്. നാലു പദങ്ങൾ കണ്ടെത്തി ഒരു പട്ടികയായി എഴുതുക.

'ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിൽ, ഏലകൃഷി നടത്തുന്നതിനായി പൂഞ്ഞാർ രാജാവ് വിട്ടുകൊടുത്ത അറുപത്തയ്യായിരം ഏക്കറിലുൾപ്പെടുന്നതാണ്, പിടിച്ചെടുത്ത ഇരുപത്തഞ്ച് സെന്റ് ഭൂമിയെന്ന് ദേവികുളം തഹസിൽദാർ അറിയിച്ചു. മുമ്പ് സർക്കാർ നടത്തിയ അദാലത്തിൽ ഈ കേസ് വന്നിരുന്നെങ്കിലും തള്ളിപ്പോവുകയാണുണ്ടായത്.'

സ്കോർ 4/സമയം : 5 മിനിട്ട്

**വിലയിരുത്തൽ സൂചകങ്ങൾ:**

- പരകീയ ഭാഷാപദങ്ങൾ തിരഞ്ഞെടുക്കുന്നു. (4)

**CO:** ഭാഷാഭേദ വിജ്ഞാനീയത്തിന്റെ പ്രാഥമിക തലങ്ങൾ പരിചയപ്പെടുത്തുന്നതിന്.

**ചോദ്യം : ബന്ധസൂചക പദങ്ങൾ കണ്ടെത്തുക.**

മലയാളത്തിൽ വ്യത്യസ്ത ജാതിമത വിഭാഗങ്ങൾക്കിടയിൽ ബന്ധുത്വം സൂചിപ്പിക്കുന്നതിന് ഉപയോഗിക്കുന്ന രണ്ടു പദങ്ങൾ കണ്ടത്തി അവ ഏതു പ്രദേശം/വിഭാഗത്തിലാണു പ്രചാരത്തിലുള്ളതെന്ന്

വ്യക്തമാക്കുക.

ഉദാ: പിതാവിനെ സൂചിപ്പിക്കാൻ { ബാപ്പ (മുസ്ലീം)
അപ്പൻ (ക്രിസ്ത്യൻ)
അച്ഛൻ (ഹിന്ദു)

സ്കോർ: 4/സമയം: 5 മിനിട്ട്

**വിലയിരുത്തൽ സൂചകങ്ങൾ:**

- രണ്ടു പദങ്ങളുടെ ഭാഷാഭേദങ്ങൾ കണ്ടെത്തിയിട്ടുണ്ട് (4)

**CO:** ഭാഷാഭേദവിജ്ഞാനീയത്തിന്റെ പ്രായോഗിക തലങ്ങൾ പരിചയപ്പെടുത്തുന്നതിന്.
വിവർത്തനത്തിന്റ പ്രാധാന്യം തിരിച്ചറിഞ്ഞ് അതിൽ പ്രായോഗികശേഷി കൈവരിക്കുന്നതിന്.

**ചോദ്യം :** *കുറിപ്പ് തയ്യാറാക്കുക.*

വൈക്കം മുഹമ്മദ് ബഷീറിന്റെ 'ന്റുപ്പുപ്പാക്കൊരാനേണ്ടാർന്ന്' എന്ന നോവലിന്റെ ഇംഗ്ലീഷ് പരിഭാഷ 'My grandfather had an elephant' എന്നല്ല 'me grandad'd an elephant' എന്നാണ് .

പ്രാദേശിക ഭാഷാരൂപങ്ങളുടെ വിവർത്തനം നേരിടുന്ന ഒരു പ്രശ്നത്തെയാണ് ഡോ. ആഷർ ഈ വിവർത്തനത്തിലൂടെ മറികടക്കാൻ ശ്രമിച്ചത്. ഇത്തരം പദപ്രയോഗങ്ങളുടെ വിവർത്തനത്തിൽ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് ഉദാഹരണസഹിതം ഒരു കുറിപ്പ് തയ്യാറാക്കുക.

സ്കോർ: 6 / സമയം: 10 മിനിട്ട് /അരപ്പുറം

**വിലയിരുത്തൽ സൂചകങ്ങൾ:**

- ഭാഷാഭേദങ്ങൾ എളുപ്പത്തിൽ വിവർത്തനത്തിനു വഴങ്ങുന്നവയല്ല എന്നു തിരിച്ചറിഞ്ഞിട്ടുണ്ട് (3)
- ഉദാഹരണ സഹിതം ഇത് വിശദമാക്കിയിട്ടുണ്ട് (3)

ആകെ 6

**CO:** വാമൊഴി ശക്തി തിരിച്ചറിഞ്ഞ് അവയെ അടിസ്ഥാനമാക്കി കുറിപ്പുകൾ തയ്യാറാക്കുന്നതിന്.

**ചോദ്യം : ലഘൂപന്യാസം തയ്യാറാക്കുക.**

Why not let me speak in any language I like ?
The language / speak becomes mine
It's distortions, queernesses all mine
mine alone

- *Kamala Das*

(distortions - വളച്ചുകെട്ടലുകൾ queernesses - വൈകല്യങ്ങൾ)

എന്തു പോരായ്മകളുണ്ടെങ്കിലും തന്റെ ഭാഷ തന്റേതു മാത്രമാണെന്നു പ്രഖ്യാപിക്കുന്ന കമലാദാസും 'ആർക്കുവേണം നിന്റെ ആഖ്യാതം ? നിന്റെ ലൊഡുക്കൂസ് വ്യാകരണം' എന്നൊക്കെ ഭാഷയിലെ ശുദ്ധിവാദത്തെ കളിയാക്കുന്ന ബഷീറും ഭാഷയെക്കുറിച്ചുള്ള തനതായ കാഴ്ചപ്പാടുകളാണ് മുന്നോട്ടുവെയ്ക്കുന്നത്.

ഈ ആശയത്തെ താഴെ തന്നിട്ടുള്ള സൂചനകളുടെ അടിസ്ഥാനത്തിൽ വിശദമാക്കിക്കൊണ്ട് ഒരു ലഘൂപന്യാസം തയ്യാറാക്കുക.

***സൂചനകൾ:***

- ഭാഷ വ്യക്തിത്വത്തിന്റെ അടയാളമാണ്.
- വൈകാരിക സന്ദർഭങ്ങളാണ് സാഹിത്യഭാഷയുടെ സ്വഭാവം നിശ്ചയിക്കുന്നത്.
- മാനക ഭാഷയ്ക്കു മാത്രമല്ല വാമൊഴി ഭാഷയ്ക്കും അതിന്റേതായ ചാരുതയുണ്ട്.

സ്കോർ: 6 / സമയം : 10 മിനിട്ട് / ഒരുപുറം

**വിലയിരുത്തൽ സൂചകങ്ങൾ:**

- സൂചനകളുടെ അടിസ്ഥാനത്തിൽ ആശയത്തെ വികസിപ്പിച്ചിട്ടുണ്ട് (6)

# യൂണിറ്റ് : 4

# രംഗകല

**CO:** കലാരൂപങ്ങളുമായി ബന്ധപ്പെട്ട സാഹിത്യകൃതികൾ വിശകലനം ചെയ്തു പ്രബന്ധം തയ്യാററാക്കുക.
വിവിധ സാഹിത്യരചനകളിലെ സാമൂഹിക പ്രസക്തിയുള്ള വിഷയങ്ങൾ കണ്ടെത്തി പഠനങ്ങൾ തയ്യാറാക്കുക.

**ചോദ്യം : സംവാദക്കുറിപ്പ് തയ്യാറാക്കുക.**

ഇതിഹാസങ്ങൾ, പുരാണങ്ങൾ എന്നിവയിലെ കഥാപാത്രങ്ങളെ ആധുനിക മനുഷ്യന്റെ സ്വഭാവസവിശേഷതകൾ നൽകിയും, ഉറച്ചുപോയ രൂപഭാവ സങ്കൽപങ്ങളിൽ നിന്ന് മാറ്റി ചിത്രീകരിച്ചും അവതരിപ്പിക്കുന്നതിന്റെ ഔചിത്യത്തെക്കുറിച്ച് അനുകൂലിച്ചോ പ്രതികൂലിച്ചോ ഒരു സംവാദക്കുറിപ്പ് തയ്യാറാക്കുക.

***സൂചനകൾ:***

- പടയൊരുക്കം എന്ന പാഠഭാഗത്തിലെ രാവണന്റെ അവതരണം

സ്കോർ: 6 /ഒരുപുറം

**വിലയിരുത്തൽ സൂചകങ്ങൾ**

- വിഷയത്തെക്കുറിച്ചുള്ള സാമാന്യാശയ ഗ്രഹണം നടത്തിയിട്ടുണ്ട് (2)
- വാദഗതികൾ സയുക്തികം സമർത്ഥിച്ചിട്ടുണ്ട് (4)

ആകെ 6

**CO:** കലാരൂപങ്ങളുമായി ബന്ധപ്പെട്ട സാഹിത്യം വിശകലനം ചെയ്യുന്നതിന്.
രംഗകലയുമായി ബന്ധപ്പെട്ട പരിശീലനം നേടുകയും അവ വിലയിരുത്തുന്നതിനുള്ള ശേഷി വികസിപ്പിക്കുകയും ചെയ്യുന്നതിന്.

**ചോദ്യം :** *വിശദീകരിക്കുക.*

മാനിനിമാർ മൗലിമണേ (സ്ത്രീകൾക്ക് ശിരോരത്നമായുള്ളവളേ)

ആനനനിന്ദിതചന്ദ്രേ (ആനനത്താൽ ചന്ദ്രനെ നിന്ദിച്ചവളേ) കീചകവധം ആട്ടക്കഥയിൽ സുദേഷ്ണ മാലിനിയെ സംബോധന ചെയ്യുന്ന പദങ്ങളാണിവ. സുന്ദരിയെന്നു പറയേണ്ടിടത്ത് ഈ പദങ്ങൾ ചേർത്തത് കഥകളി എന്ന രംഗകലയുടെ സവിശേഷതകൾക്ക് ഈ പദങ്ങൾ സഹായകമാകുന്നുമെന്ന് കണ്ടിട്ടാണ്. വിശദീകരിക്കുക.

സ്കോർ: 4

**വിലയിരുത്തൽ സൂചകങ്ങൾ:**

- പദങ്ങൾ കഥകളിയിലെ നൃത്യാഭിനയത്തിന് ചേർന്നതാണെന്നു കണ്ടെത്തിയിട്ടുണ്ട്. (4)

**CO:** കലാരൂപങ്ങളുമായി ബന്ധപ്പെട്ട സാഹിത്യം വിശകലനം ചെയ്തു പ്രബന്ധം തയ്യാറാക്കുക.

**ചോദ്യം :** *നിരൂപണം ചെയ്യുക*

സി.എൻ. ശ്രീകണ്ഠൻ നായരുടെ ലങ്കാലക്ഷ്മി എന്ന നാടകത്തിലെ രാവണന്റെ കഥാപാത്ര വ്യക്തിത്വത്തിൽ നിങ്ങളെ ഏറ്റവും ആകർഷിച്ച സ്വഭാവസവിശേഷത ഉദാഹരണസഹിതം നിരൂപണം ചെയ്യുക.

സ്കോർ: 6 / ഒരുപുറം

**വിലയിരുത്തൽ സൂചകങ്ങൾ:**

- നാടകത്തിലെ കഥാപാത്ര വ്യക്തിത്വം ഉൾക്കൊണ്ടിട്ടുണ്ട് (4)
- ഉദാഹരണ സഹിതം അവതരിപ്പിച്ചിട്ടുണ്ട് (2)

**CO:** കലാരൂപങ്ങളുമായി ബന്ധപ്പെട്ട സാഹിത്യം വിശകലനം ചെയ്ത് പ്രബന്ധം തയ്യാറാക്കുക.

*കുറിപ്പു തയ്യാറാക്കുക.*

സി.എൻ. ശ്രീകണ്ഠൻ നായരുടെ ലങ്കാലക്ഷ്മി എന്ന നാടകം കഥകളി രൂപത്തിൽ ആവിഷ്ക്കരിക്കുമ്പോൾ നഷ്ടമാകുന്നത് അതിന്റെ എന്തൊക്കെ സവിശേഷതകളായിരിക്കും ?

***സൂചന :*** *കഥകളിയിൽ വാചികാഭിനയത്തിന് പ്രാധാന്യമില്ല.*

സ്കോർ: 6 / സമയം: 10 മിനിട്ട് /അരപ്പുറം

**വിലയിരുത്തൽ സൂചകങ്ങൾ:**

- ലങ്കാലക്ഷ്മി നാടകത്തിന്റെ ഗാംഭീര്യത്തിനടിസ്ഥാനം കഥാപാത്ര സംഭാഷണങ്ങളാണ് എന്ന് തിരിച്ചറിഞ്ഞിട്ടുണ്ട് (4)
- കഥാപാത്രങ്ങളുടെ ആത്മാംശം ആവിഷ്ക്കരിക്കുന്നതിൽ സംഭാഷണത്തിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞിട്ടുണ്ട്. (2)

ആകെ 6

**CO:** കലാരൂപങ്ങളുമായി ബന്ധപ്പെട്ട സാഹിത്യം വിശകലനം ചെയ്യുന്നതിന്.

**ചോദ്യം :** *കഥാപാത്ര നിരൂപണം തയ്യാറാക്കുക.*

ഒരു രാജാവെന്ന നിലയിൽ രാവണനിൽ കാണാവുന്ന ചില സവിശേഷതകളാണ് താഴെ നൽകിയിട്ടുള്ളത്.

- വംശമഹിമയിലുള്ള അചഞ്ചലമായ വിശ്വാസം
- സ്വന്തം പക്ഷത്തു നിൽക്കുന്നവരെക്കുറിച്ചുള്ള അഭിമാനം.
- തന്റെ വ്യക്തിപരമായ നേട്ടത്തെക്കാൾ രാജ്യത്തിന്റെ ഉയർച്ചയിലുള്ള താൽപര്യം.
- വളർന്നു വന്ന വഴികളെക്കുറിച്ചുള്ള ഓർമ്മ.
- വ്യക്തിബന്ധത്തിലുപരിയായുള്ള രാജ്യതാൽപര്യം.

രാജാവെന്ന നിലയിൽ രാവണനിൽ കണ്ടെത്താവുന്ന പ്രധാനപ്പെട്ട രണ്ടു സ്വഭാവസവിശേഷതകൾ ഉദാഹരണസഹിതം വിശദമാക്കിക്കൊണ്ട് കഥാപാത്ര നിരൂപണം തയ്യാറാക്കുക.

സ്കോർ: 6 /സമയം:10 മി./ ഒരുപുറം

**വിലയിരുത്തൽ സൂചകങ്ങൾ:**

- ഉചിതമായ സൂചനകൾ തിരഞ്ഞെടുത്തിട്ടുണ്ട് (2)
- ഉദാഹരണസഹിതം വിശദമാക്കിയിട്ടുണ്ട് (4)

ആകെ 6

# യൂണിറ്റ് : 5

# വിശകലനചിന്തകൾ

**CO:** ആധുനിക ചെറുകഥകൾ വിശകലനം ചെയ്ത് നിരൂപണം തയ്യാറാക്കുക.

**ചോദ്യം :** *നിരൂപണം തയ്യാറാക്കുക.*

'ലാഭം മുഖ്യ പരിഗണനയായി മാറുകയും മനുഷ്യബന്ധങ്ങൾ കച്ചവടച്ചരക്കായി അധഃപതിക്കുകയും ചെയ്തിട്ടുള്ള പുത്തൻ വാണിജ്യ സംസ്കാരത്തിന്റെ സമ്മർദ്ദങ്ങളിൽപ്പെട്ട് ഇട്ടുണ്ണിനായരെപ്പോലുള്ള പഴഞ്ചന്മാർക്ക് അടിയറവെയ്ക്കേണ്ടി വരുന്നത് അവരുടെ സരളമായ ജീവിതശൈലിയാണ്.' ഈ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ പ്ലാസ്റ്റിക് എന്ന കഥ വിശകലനം ചെയ്ത് ഒരു നിരൂപണം തയ്യാറാക്കുക.

സ്കോർ: 8 / സമയം: 15 മിനിട്ട് /ഒന്നരപ്പുറം

**വിലയിരുത്തൽ സൂചകങ്ങൾ:**

- പ്ലാസ്റ്റിക് എന്ന കഥയുടെ കേന്ദ്രപ്രമേയം കണ്ടെത്തിയിട്ടുണ്ട്. (2)
- പ്രസ്താവനയിലെ ആശയങ്ങളെ കഥയുമായി ഇണക്കി വിശകലനം ചെയ്തിട്ടുണ്ട്. (4)
- ആശയങ്ങളെ യുക്തിസഹമായി അവതരിപ്പിച്ചിട്ടുണ്ട് (2)

ആകെ 8

**CO:** ആനുകാലിക കവിതകളിൽ തെളിയുന്ന സാമൂഹിക വീക്ഷണം വിശകലനം ചെയ്ത് പഠനം തയ്യാറാക്കുക.

**ചോദ്യം :** *കുറിപ്പു തയ്യാറാക്കുക.*

'ശബ്ദിക്കുന്ന കലപ്പയിലെ ഔസേപ്പുമാപ്പിളയും പ്ലാസ്റ്റിക്കിലെ ഇട്ടുണ്ണിനായരും പഴയ മൂല്യങ്ങൾ മുറുകെ പിടിക്കുന്ന പഴഞ്ചൻമാരാണ്. ആധുനിക ജീവിതമൂല്യങ്ങളോട് പൊരുത്തപ്പെടാൻ കഴിയാത്തതാണ് ഇവരുടെ പരാജയകാരണം.' ഈ അഭിപ്രായത്തോട് നിങ്ങളുടെ പ്രതികരണം തയ്യാറാക്കുക.

*സൂചനകൾ:*

- കാർഷിക സംസ്കാരത്തോടുള്ള ആഭിമുഖ്യം
- പ്രകൃതിയുമായുള്ള ബന്ധം
- പാരമ്പര്യം വിട്ടുമാറാനുള്ള മടി.

സ്കോർ: 6 / സമയം :10 മിനിട്ട്/ ഒരുപുറം

**വിലയിരുത്തൽ സൂചകങ്ങൾ:**

- രണ്ടു കഥാപാത്രങ്ങളെയും താരതമ്യം ചെയ്ത് സവിശേഷതകൾ കണ്ടെത്തിയിട്ടുണ്ട്. (3)
- ഉചിതമായി സ്വന്തം അഭിപ്രായങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. (3)

ആകെ 6

**CO:** ആനുകാലിക കവിതകളിൽ തെളിയുന്ന സാമൂഹിക വിമർശനതലം കണ്ടെത്തി കുറിപ്പു തയ്യാറാക്കുന്നതിന്.

**ചോദ്യം : നിഗമനങ്ങൾ അവതരിപ്പിക്കുക.**

"പറയാനാമോരുചി
ഭേദങ്ങൾ ഈയച്ഛനും
മകളേനീയും തമ്മിൽ
എത്രമാമ്പഴക്കാല-
മകലം ശരീരത്തിൽ
രുചിയിൽ മനസ്സിലും"

ശരീരത്തെക്കുറിച്ചുള്ള കാഴ്ചപ്പാടിൽ, രുചിയിൽ, മനസ്സിൽ ഇവയിലൊക്കെ പ്രത്യക്ഷപ്പെടുന്ന തലമുറകളുടെ വിടവ് സമകാലിക സമൂഹത്തിൽ എത്രമാത്രം പ്രകടമാണ്? നിങ്ങളുടെ നിഗമനങ്ങൾ അവതരിപ്പിക്കുക.

സ്കോർ: 6 / സമയം: 10 മിനിട്ട്/ ഒരുപുറം

*സൂചനകൾ:*

- മനസ്സിനുപകരം ശരീരത്തിന്റെ തൃപ്തിയിൽ ഊന്നുന്ന പ്രവണത.
- സ്വാഭാവിക രുചികളിലല്ല, കൃത്രിമരുചികളിൽ താൽപര്യം.
- ആർദ്രത നഷ്ടമാവുന്ന മനസ്സ്.

**വിലയിരുത്തൽ സൂചകങ്ങൾ:**

- പഴയകാലത്തെയും ഇന്നത്തെയും സാമൂഹിക പ്രവണതകൾ തിരിച്ചറിഞ്ഞിട്ടുണ്ട്. (3)
- സ്വന്തം നിഗമനങ്ങൾ യുക്തിപൂർവ്വം അവതരിപ്പിച്ചിട്ടുണ്ട്. (3)

ആകെ 6

**CO:** വിവിധ വിഷയങ്ങളിൽ തനിമയുള്ള നിരീക്ഷണങ്ങൾ അവതരിപ്പിക്കുന്നതിന്.

**ചോദ്യം : കുറിപ്പു തയ്യാറാക്കുക.**

പ്ലാസ്റ്റിക്കിലെ കറുത്ത കണ്ണടക്കാരനെക്കുറിച്ച് കഥയിൽ തന്നെയുള്ള ചില സൂചനകൾ താഴെ കൊടുക്കുന്നു. അവയെ അടിസ്ഥാനമാക്കി നിങ്ങളുടെ നിരീക്ഷണങ്ങൾ ഒരു കുറിപ്പായി അവതരിപ്പിക്കുക.

- 'നിന്റെ കളസോം കണ്ണടേം കണ്ടപ്പോൾ ഞാൻ നിരീച്ച് നിയ്യ് ബിലാത്തീന്ന് വര്വാന്ന്.'
- പേരില്ല
- ആരും അയാളുടെ കണ്ണുകൾ കണ്ടിട്ടില്ല.

സ്കോർ: 4/ അരപ്പുറം

**വിലയിരുത്തൽ സൂചകങ്ങൾ:**

- സൂചനകളുടെ അടിസ്ഥാനത്തിൽ ആശയം വിശദമാക്കിയിട്ടുണ്ട്. (3)
- സ്വന്തം നിരീക്ഷണം സമർത്ഥിക്കുന്നുണ്ട് (1)

ആകെ 4

**CO:** ശേഖരിച്ച വിവരങ്ങൾ പ്രയോജനപ്പെടുത്തി ഉപന്യാസങ്ങൾ തയ്യാറാക്കുന്നതിന്.

**ചോദ്യം : പ്രബന്ധം തയ്യാറാക്കുക.**

'പഴയകാല സംസ്കൃതിക്കൊപ്പം നഷ്ടമാവുന്നമൂല്യങ്ങൾ' എന്ന വിഷയത്തെ അടിസ്ഥാനമാക്കി ഒരു പ്രബന്ധം തയ്യാറാക്കുക.

- പഴയ തലമുറ ഉയർത്തിപ്പിടിച്ച മൂല്യങ്ങൾ
- പുതുതലമുറയിൽ വളർന്നുവരുന്ന മനോഭാവം.

(മാമ്പഴക്കാലം, പ്ലാസ്റ്റിക്, ശബ്ദിക്കുന്ന കലപ്പ എന്നീ രചനകളെ അടിസ്ഥാനമാക്കി വേണം രചന നടത്താൻ)

സ്കോർ:6/10 മിനിട്ട് /ഒരുപുറം

**വിലയിരുത്തൽ സൂചകങ്ങൾ:**

പാഠഭാഗങ്ങളുമായി ബന്ധിപ്പിച്ച് ആശയങ്ങൾ ഫലപ്രദമായി ആവിഷ്ക്കരിച്ചിട്ടുണ്ട്. (4)

തനിമയുള്ള നിരീക്ഷണങ്ങൾ ഉണ്ട്. (2)

ആകെ 6

**CO:** ആധുനിക കവിതകളിൽ തെളിയുന്ന സാമൂഹിക വീക്ഷണം വിശകലനം ചെയ്തു പഠനം തയ്യാറാക്കുന്നതിന്.

**ചോദ്യം : ആസ്വാദനം തയ്യാറാക്കുക.**

**തിരോധാനം**

കറുത്ത ഗണഗായകൻ
ടെലിവിഷന്റെ ചുടുചാനലിൽ
പിടയ്ക്കുമുടലിന്നകം
കുടലുമാല കുടയും പടി
മകന്റെ പുതുകണ്ണിനി
ക്കിടിലമാണുപോലുത്സവം
അവന്റെ ചെവി കേൾക്കയി-
ല്ലിനിയുറുമ്പുതൻ ഭാഷണം.
അവന്റെ മൊഴിയാംഗലം
അതു നിനയ്ക്കിലോ സങ്കടം
എനിക്കു പകരില്ലവൻ
മരണകാല രാമായണം
മുടിഞ്ഞ മലയാളമേ,
മുലപറിച്ച പരദേവതേ,
നിനക്കു ശരണം, മഹാ-
ബലിയടഞ്ഞ പാതാളമോ?

- *ബാലചന്ദ്രൻ ചുള്ളിക്കാട്*

കവിതയുടെ സാമൂഹികവിമർശന തലം കണ്ടെത്തി ആസ്വാദനക്കുറിപ്പു തയ്യാറാക്കുക.

**വിലയിരുത്തൽ സൂചകങ്ങൾ:**

- കവിതയുടെ ആശയം ഉൾക്കൊണ്ടിട്ടുണ്ട് (4)
- സാമൂഹ്യവിമർശനതലം കണ്ടെത്തി അവതരിപ്പിച്ചിട്ടുണ്ട് (4)

ആകെ 8

**CO:** ചർച്ചകളിലും സംവാദങ്ങളിലും പങ്കെടുത്ത് സ്വാഭിപ്രായം പ്രകടിപ്പിക്കുന്നതിന്.

**ചോദ്യം : സ്വാഭിപ്രായം കുറിക്കുക.**

ഓരോ കലാരൂപങ്ങൾക്കും അതിന്റേതായ സാധ്യതകളും പരിമിതികളും ഉണ്ട് എന്നിരിക്കെ കവിത, ചിത്രകല, സംഗീതം തുടങ്ങിയ കലാരൂപങ്ങളെ താരതമ്യം ചെയ്ത് ഒന്നു മറ്റൊന്നിനേക്കാൾ മികച്ചതാണെന്നു വാദിക്കുന്നത് ശരിയാണോ? നിങ്ങളുടെ അഭിപ്രായങ്ങൾ ഉദാഹരണസഹിതം വ്യക്തമാക്കുക.

സ്കോർ: 6 / സമയം: 10 മിനിട്ട് /ഒരുപുറം

*സൂചനകൾ:*

- ചിത്രകലയുടെ ഭാഷ സാർവ്വജനീനമാണ്.
- സാഹിത്യത്തിന് കാലപരിമിതിയില്ല.
- എല്ലാ കലകളും സംഗീതം സൃഷ്ടിക്കുന്ന ലയാത്മക അനുഭൂതിയിലേയ്ക്കുയരാൻ ശ്രമിക്കുന്നു.

**വിലയിരുത്തൽ സൂചകങ്ങൾ:**

- ഓരോ കലാരൂപങ്ങൾക്കും തനതായ സവിശേഷതകൾ ഉണ്ടെന്ന് തിരിച്ചറിഞ്ഞിട്ടുണ്ട്. (4)
- സ്വന്തം അഭിപ്രായങ്ങൾ യുക്തിഭദ്രമായി അവതരിപ്പിച്ചിട്ടുണ്ട്. (2)

ആകെ 6

**CO:** ആനുകാലിക കവിതകളിൽ തെളിയുന്ന സാമൂഹിക വീക്ഷണം വിശകലനം ചെയ്ത് പഠനം തയ്യാറാക്കുക.

സാഹിത്യരചനകളിൽ പ്രകടമാകുന്ന ധ്വനി, ഔചിത്യം, വക്രോക്തി ഇവ കണ്ടെത്തി വിശദീകരിക്കുക.

**ചോദ്യം : നിരൂപണക്കുറിപ്പ് തയ്യാറാക്കുക.**

സച്ചിദാനന്ദന്റെ 'ഒരുദിവസം' എന്ന കവിതയിൽ വരുംകാല ദുരന്തത്തിന്റെ ഒരാശങ്ക അവതരിപ്പിക്കുകയാണ്. കവിതയിലെ ആശയം ഉൾക്കൊണ്ട് ഒരു നിരൂപണക്കുറിപ്പ് തയ്യാറാക്കുക.

സ്കോർ: 8 / സമയം: 15 മിനിട്ട് / ഒരുപുറം

**ഒരു ദിവസം**

നഗരമായി മാറിയ നാട്ടിൻപുറത്തെ റോഡ്
കേബിളുകൾ നന്നാക്കാൻ കുഴിച്ചപ്പോൾ
പണിക്കാരന് ഒരു സ്ലേറ്റുകഷണം കിട്ടി
അതിൽ 'ക' എന്നെഴുതിയിരുന്നു.
എഴുത്തെന്തെന്നറിയാൻ അതയാൾ
നഗരത്തിലെ ഏറ്റവും പ്രായംചെന്ന
കാരണവരെ കാണിച്ചു.
എന്തോ ഓർത്തപോലെ അയാൾ
പഴയൊരു പെട്ടിക്കടിയിൽ കിടന്ന
'അദ്ധ്യാത്മരാമായണം' പൊടിതട്ടിയെടുത്തു
പറഞ്ഞു: 'വീട്ടിന്നു തറയെടുക്കാൻ കുഴിച്ചപ്പോൾ
മുത്തച്ഛനു കിട്ടിയ പുസ്തകത്തിൽ
ഇങ്ങനെയെന്തോ കണ്ടിട്ടുണ്ട്.
എനിക്കിതു വായിക്കാനറിയില്ല.'
ആളുകൾ വട്ടംകൂടിയിരുന്ന്
രാമായണത്തിൽ പരതി.
അതിൽ പലയിടത്തും അവർ ആ അക്ഷരം കണ്ടു.
കൂട്ടത്തിലുണ്ടായിരുന്ന ഒരധ്യാപകൻ
പറഞ്ഞു: 'പണ്ടു പണ്ട്
'മലയാളം' എന്ന ഒരു വട്ടെഴുത്തു* ഭാഷയുണ്ടായിരുന്നു.
ആ ഭാഷയിലെ 'K' ആണ് ഇത്.
പിന്നെപ്പിന്നെ ആ ഭാഷ
ആരും എഴുതാതായി, പിന്നെ സംസാരിക്കാതായി
ഒരുകാലത്ത് ആ ഭാഷയിൽ
ജാതകവും പഞ്ചാംഗവും മാത്രമല്ല,
കഥയും കവിതയുമൊക്കെ ഉണ്ടായിരുന്നത്രെ.
ഇപ്പോൾ അതു വായിക്കാനറിയുന്നവരാരുമില്ല.
അതിലെ ചില വാക്കുകൾ മാത്രം
നമ്മുടെ ഭാഷയായ ഇംഗ്ലീഷിൽ കയറിക്കൂടി
മരണത്തെ അതിജീവിച്ചു.'

*വട്ടെഴുത്ത് - പ്രാചീന കേരളീയ ലിപി.

**വിലയിരുത്തൽ സൂചകങ്ങൾ**

| | | |
|---|---|---|
| – | കവിതയിലെ സാമാന്യാശയ തലം കണ്ടെത്തിയിട്ടുണ്ട് | (4) |
| – | കവിതയിലെ സാമൂഹികപ്രശ്നം തിരിച്ചറിഞ്ഞിട്ടുണ്ട് | (2) |
| – | തനിമയുള്ള നിരീക്ഷണങ്ങൾ അവതരിപ്പിച്ചിട്ടുണ്ട് | (2) |
| | ആകെ | 8 |

**CO:** ചാർട്ടുകൾ, പട്ടികകൾ എന്നിവ വിശകലനം ചെയ്യുന്നതിന്.

**ചോദ്യം : പട്ടിക പൂർത്തിയാക്കുക.**

| | ചിത്രകല/ശിൽപകല | കാവ്യകല |
|---|---|---|
| ഉപകരണം | വർണ്ണവും രേഖകളും | .... |
| കാലം | .... | കാലക്രമമനുസരിച്ച് |

<u>**വിലയിരുത്തൽ സൂചകങ്ങൾ:**</u>

- ഉചിതമായി രണ്ടും പൂരിപ്പിച്ചിട്ടുണ്ട് $2 \times 2 = 4$

**CO:** ആനുകാലിക കവിതകളിൽ തെളിയുന്ന സാമൂഹിക വീക്ഷണം വിശകലനം ചെയ്ത് പഠനം തയ്യാറാക്കുന്നതിന്.

**ചോദ്യം : കുറിപ്പു തയ്യാറാക്കുക.**

"ആർക്കുമേ വഴങ്ങാത്ത മാവുകൾ ഇച്ഛയ്ക്കൊത്തു-
ശാഖകൾ കുലച്ചവർ വേരുകൾ പടർത്തിയോർ
ചകിര്യേൻ, ചക്കേൻ, മുട്ടിക്കുടിയേൻ, മൂവാണ്ടൻ
തേനൊലിയേൻ എന്നിങ്ങനെ പഴഞ്ചൻ പേരാർന്നവർ
ചുണയന്മാരാം നാട്ടുകാര്യസ്ഥ പ്രമാണിമാർ
തണലേ തങ്ങൾക്കുള്ള ധനമെന്നെണ്ണുന്നവർ"

- പ്രകൃതിയ്ക്കൊപ്പം പഴയകാല മനുഷ്യരുടെ ജീവിതബോധം കൂടിയാണ് കവി ഇവിടെ ആവിഷ്ക്കരിക്കുന്നത്. അവ എന്തെന്ന് വിശകലനം ചെയ്ത് കുറിപ്പു തയ്യാറാക്കുക.

സ്കോർ: 4/ സമയം : 5 മിനിട്ട് /അരപ്പുറം

<u>**വിലയിരുത്തൽ സൂചകങ്ങൾ:**</u>

- കാവ്യഭാഗത്തിന്റെ അപഗ്രഥനം (3)
- നിരീക്ഷണങ്ങളുടെ തനിമ (1)

ആകെ 4

**CO:** ആനുകാലിക കവിതകളിൽ തെളിയുന്ന സാമൂഹിക വീക്ഷണം വിശകലനം ചെയ്ത് പഠനം തയ്യാറാക്കുന്നതിന്.

**ചോദ്യം :** *പ്രതികരണക്കുറിപ്പു തയ്യാറാക്കുക.*

- അറിയുന്തോറും പുതുതലമുറയെ പുളിക്കുക.
- നാട്ടുകാര്യസ്ഥ പ്രമാണിമാരായ മാവുകൾക്കു പകരം പട്ടണത്തിലെ കമ്പിക്കാലുകൾ
- ചുരും ചുണയുമുള്ള രുചികൾക്കു പകരം മിഠായിയുടെ കൃത്രിമ മധുരം.
- പിന്നെയും മുളച്ചുവരാനായി മണ്ണിലേയ്ക്കെറിയുന്ന മാങ്ങായണ്ടിക്കു പകരം ഉപയോഗിച്ചതിനുശേഷം വലിച്ചെറിയുന്ന പൊള്ളയായ കൂട്

എന്നിങ്ങനെയാണ് മാമ്പഴക്കാലത്തിൽ പുതുതലമുറകളുടെ താൽപര്യങ്ങളെ കവി എടുത്തുകാട്ടുന്നത്. കവിയുടെ വീക്ഷണത്തെ വിമർശനവിധേയമാക്കി നിങ്ങളുടെ പ്രതികരണങ്ങൾ ഒരു കുറിപ്പായി അവതരിപ്പിക്കുക.

സ്കോർ : 6 / സമയം : 10 മിനിട്ട്

**വിലയിരുത്തൽ സൂചകങ്ങൾ:**

- സൂചനകളിലെ ആശയം തിരിച്ചറിഞ്ഞ് കവിതയുമായി ബന്ധിപ്പിച്ച് സ്വാഭിപ്രായം സ്ഥാപിക്കുന്നതിന് (4)
- നിരീക്ഷണങ്ങളിലെ തനിമയ്ക്ക് (2)

ആകെ 6

**CO:** ആനുകാലിക കവിതകളിൽ തെളിയുന്ന സാമൂഹിക വീക്ഷണം വിശകലനം ചെയ്ത് പഠനം തയ്യാറാക്കുക.

- ഭാഷാപരമായ സവിശേഷതകൾ, ആദ്ധ്യാനപരമായ പ്രത്യേകതകൾ എന്നിവ കണ്ടെത്തി പ്രബന്ധങ്ങൾ രചിക്കുക.
- സാഹിത്യരചനകളിൽ പ്രകടമാകുന്ന ധ്വനി, ഔചിത്യം, വക്രോക്തി ഇവ കണ്ടെത്തി വിശദീകരിക്കുക.

**ചോദ്യം : ഉപന്യാസം തയ്യാറാക്കുക**

**കവിത**

അമ്മ എന്ന് വിളിക്കപ്പെടുന്ന
ജീവിയെ
നിങ്ങൾ മക്കൾ ഈയിടെ
എപ്പോഴെങ്കിലും സൂക്ഷിച്ചു നോക്കിയോ?
എന്തൊരു മാറ്റം!
മുടി നേർത്തു, നരച്ചു, നടത്തം
പ്രക്ഷുബ്ധമായ കടലിൽ
ചാഞ്ഞും ചരിഞ്ഞും നീങ്ങുന്ന
കപ്പലിനെ ഓർമ്മിപ്പിക്കുന്നോ?
അവരുടെ കണങ്കാലുകൾ
മെലിഞ്ഞിരിക്കുന്നു
കാൽപ്പത്തികൾ നീലച്ചിരിക്കുന്നു
ഇത്തിൾ പോലെയിരുന്ന
കാൽനഖങ്ങൾ കറുത്തിരിക്കുന്നു
അവരുടെ കൺതടത്തിൽ
കണ്മഷിപ്പാടുകളില്ല
നെറ്റിയിൽ സിന്ദൂരമില്ല
വസ്ത്രത്തിൽ കഞ്ഞിപ്പശയില്ല
വറക്കത്ത് കെട്ടവളെന്ന്
അപരിചിതർക്ക് തോന്നിപ്പോകും
അവർ സുമയ്യയാകാം
കമലയാകാം
അല്ലെങ്കിൽ കൊച്ചുത്രേസ്യ
പ്രസവശേഷം അമ്മയെന്നപേരിൽ മാത്രം
അറിയപ്പെട്ടവളാണല്ലോ അവർ
മൂത്രം നനച്ച വിരിയിൽ
സ്വയം കിടന്നവൾ
ഛർദ്ദിയും മലവും കോരിക്കളഞ്ഞവൾ
പരീക്ഷാഫീസ് കൊടുക്കാനും

രോഗശാന്തിക്കും
വിവാഹഘോഷത്തിനും
വളകൾ ഊരി വിറ്റവൾ
കാന്തികെട്ട തറവാട്ടുവിളക്ക്, അവർ
പ്രമാണികളായ്ത്തീർന്ന മക്കളെ
ശല്യപ്പെടുത്താൻ
ഒരിക്കലും, ഒരിക്കലും ഇച്ഛിക്കാത്തവർ
മക്കളെ ഭയക്കുന്നവൾ
നിദ്രാവിഹീന
പുലരിയും രാവായി കാണുന്നവൾ
മക്കളെ തൊടുവാൻ പോലും
ഭാഗ്യം ലഭിക്കാത്തവൾ
അമ്മ
വിശുദ്ധ ജീവി.

– *മാധവിക്കുട്ടി*

മുകളിൽ കൊടുത്തിരിക്കുന്ന കവിതയിലും 'കോലാട്' എന്ന മാധവിക്കുട്ടിയുടെ കഥയിലും ഒരേ പ്രശ്നം തന്നെയാണ് അവതരിപ്പിച്ചിരിക്കുന്നത്. അതിന്റെ കാലിക പ്രസക്തിയിൽ ഊന്നിക്കൊണ്ട് ഒരു ഉപന്യാസം തയ്യാറാക്കുക.

സ്കോർ: 8 / സമയം: 15 മിനിട്ട് / ഒരുപുറം

**<u>വിലയിരുത്തൽ സൂചകങ്ങൾ:</u>**

| | | |
|---|---|---|
| – | കവിതയിലെയും കഥയിലെയും സാമാന്യാശയതലം തിരിച്ചറിഞ്ഞിട്ടുണ്ട് | (3) |
| – | വിഷയത്തിന്റെ സമകാലികപ്രസക്തി ഉൾക്കൊണ്ടിട്ടുണ്ട് | (3) |
| – | ഉചിതമായ ഉദാഹരണങ്ങൾ/സന്ദർഭങ്ങൾ അവതരിപ്പിച്ചിട്ടുണ്ട് | (2) |
| | ആകെ | 8 |

# യൂണിറ്റ് : 6

# വാർത്താലോകം

**CO:** പത്രപ്രവർത്തനവുമായി ബന്ധപ്പെട്ട അടിസ്ഥാന ധാരണകൾ കൈവരിക്കുക.

**ചോദ്യം : കാരണങ്ങൾ കണ്ടെത്തുക.**

പത്രപ്രവർത്തന ശില്പശാലയിൽ പങ്കെടുക്കുവാനെത്തിയ മുതിർന്ന പത്രപ്രവർത്തകൻ 'പത്രപ്രവർത്തനം ഒരു സാമൂഹിക പ്രവർത്തനമാണ്' എന്ന് അഭിപ്രായപ്പെട്ടു.
അതിനോട് നിങ്ങൾ യോജിക്കുന്നുവോ? നിങ്ങളുടെ നിലപാടിന് അടിസ്ഥാനമായ മൂന്ന് കാരണങ്ങൾ ചൂണ്ടിക്കാട്ടുക.
സ്കോർ: 6 / സമയം: 5 മിനിട്ട്

**വിലയിരുത്തൽ സൂചകങ്ങൾ:**

നിലപാടുകൾക്കടിസ്ഥാനമായ 3 യുക്തിസഹമായ കാരണങ്ങൾ വ്യക്തമാക്കുന്നതിന് - (3x2=6)

**CO:** സാമൂഹ്യനന്മ ലക്ഷ്യമാക്കിയിട്ടുള്ള ആശയപ്രചാരണത്തിനായി പരസ്യങ്ങൾ, പരസ്യവാചകങ്ങൾ, സന്ദേശം എന്നിവ രൂപപ്പെടുത്തുക.

**ചോദ്യം :** *പരസ്യവാചകങ്ങൾ തയ്യാറാക്കുക.*

പ്ലാസ്റ്റിക് നിരോധിച്ചത് നിങ്ങൾ അറിഞ്ഞിരിക്കുമല്ലോ. പൊതുസമൂഹത്തിന് ഗുണപരമായ ഫലങ്ങൾ നൽകാൻ കഴിയുന്ന '*പ്ലാസ്റ്റിക് നിർമ്മാർജ്ജന യജ്ഞം*' വിജയിപ്പിക്കാൻ അനുഗുണമായ മൂന്ന് പരസ്യവാചകങ്ങൾ തയ്യാറാക്കുക.

സ്കോർ:6 / സമയം:7 മിനിട്ട്

**വിലയിരുത്തൽ സൂചകങ്ങൾ:**

- ആശയസമഗ്രത, സംക്ഷിപ്തത, തനിമ എന്നിവയുള്ള 3 വാക്യങ്ങൾക്ക് (3x2=6 സ്കോർ)

**CO:** പ്രസിദ്ധീകരണവുമായി ബന്ധപ്പെട്ട എഡിറ്റിംഗ്, പ്രൂഫ് റീഡിംഗ്, ലേഔട്ട്, കുറിപ്പുകൾ എന്നിവയിൽ പരിശീലനം നേടുക.

**ചോദ്യം :** *വാർത്ത തയ്യാറാക്കുക*

ഒരാൾ പത്ര ഓഫീസിലേയ്ക്ക് ടെലിഫോണിലൂടെ നടത്തിയ സംഭാഷണത്തിന്റെ ലിഖിതരൂപം താഴെ കൊടുക്കുന്നു. വായിച്ചു നോക്കി ഉചിതമായ വാർത്താക്കുറിപ്പ് തയ്യാറാക്കുക.

- ഹലോ, പത്രലേഖകനല്ലേ?
- അതേ, ആരാ വിളിക്കുന്നേ ?
- ചാരുംമൂട്, ദേശാഭിമാനി ഗ്രന്ഥശാലയുടെ സെക്രട്ടറിയാ.
- ആ, സാർ എന്താ കാര്യം ?
- ഇന്ന് ലൈബ്രറിഹാളിൽവച്ച് നടന്ന മുണ്ടശ്ശേരി ദിനാചരണത്തിന്റെ വാർത്ത കൊടുക്കുവാനാണ്.
- ശരി പറയൂ എപ്പോഴായിരുന്നു ?
- രാവിലെ 10 മണിക്ക്. പഞ്ചായത്ത് പ്രസിഡന്റായിരുന്നു അദ്ധ്യക്ഷൻ. ലൈബ്രറിയുടെ സെക്രട്ടറി സ്വാഗതം പറഞ്ഞു. സ്ഥലം വാർഡ് മെമ്പർ ശ്രീ. ബൈജു. എൻ. സംസാരിച്ചു. ഹെഡ്മാസ്റ്റർ ശ്രീ. അഹമ്മദ് കുട്ടി മുണ്ടശ്ശേരി മാഷിനെക്കുറിച്ച് ഒരു ക്ലാസ്സെടുക്കുകയും ചെയ്തു. ലൈബ്രേറിയൻ നന്ദി പറഞ്ഞു.
- ഉദ്ഘാടകൻ പറഞ്ഞ കാര്യങ്ങളെന്തെങ്കിലും ഓർമ്മയുണ്ടോ?

- മുണ്ടശ്ശേരി മാസ്റ്ററുടെ ചിന്തകൾക്കും പ്രവർത്തനങ്ങൾക്കും ഇന്ന് ഏറെ പ്രസക്തിയുണ്ട്. വിദ്യാഭ്യാസ മേഖലയിൽ അദ്ദേഹം കൈക്കൊണ്ട ധീരമായ പല നടപടികളുടെയും സദ്ഫലങ്ങളാണ് നാമിന്നനുഭവിക്കുന്നത് എന്നൊക്കെ അദ്ദേഹം പറയുകയുണ്ടായി.
- ശരി. എത്രപേർ പങ്കെടുത്തു.
- അറുപതോളം പേർ പങ്കെടുത്തു.

സ്കോർ: 6 / സമയം: 8 മിനിട്ട് /അരപ്പുറം

**വിലയിരുത്തൽ സൂചകങ്ങൾ:**

| | | |
|---|---|---|
| - | അനുയോജ്യമായ തലക്കെട്ട് | (1) |
| - | ആശയ ക്രമീകരണം | (4) |
| - | ഭാഷ | (1) |
| | ആകെ | 6 |

**CO:** വിവിധ മാധ്യമങ്ങൾക്ക് ആവശ്യമായ വാർത്തകൾ റിപ്പോർട്ടുകൾ, എഡിറ്റോറിയൽ തുടങ്ങിയവ തയ്യാറാക്കുക.

**ചോദ്യം : എഡിറ്റോറിയൽ തയ്യാറാക്കുക.**

മാതൃഭാഷ രണ്ടാം ഭാഷയായി പരിമിതപ്പെടുത്തി പഠിയ്ക്കേണ്ടിവരുന്ന കേരളീയ സാഹചര്യത്തോടുള്ള നിങ്ങളുടെ ആശങ്കകളും പരാതികളും മുൻനിർത്തി സ്കൂൾ പത്രത്തിൽ ഉൾപ്പെടുത്തുവാൻ ഒരു എഡിറ്റോറിയൽ തയ്യാറാക്കുക.

സ്കോർ: 6 / സമയം: 10 മി. / ഒരു പുറം

**വിലയിരുത്തൽ സൂചകങ്ങൾ:**

| | | |
|---|---|---|
| - | ആശയ സമഗ്രത | (4) |
| - | ഉചിതമായ അവതരണം (തലക്കെട്ട്, ഭാഷ) | (2) |
| | ആകെ | 6 |

**CO:** ഔദ്യോഗികമായ കത്തുകൾ, വ്യാപാര കത്തുകൾ, തുറന്ന കത്തുകൾ, നിവേദനങ്ങൾ, അറിയിപ്പുകൾ തുടങ്ങിയ വ്യവഹാര രൂപങ്ങൾ തയ്യാറാക്കുക.

**ചോദ്യം : പത്രാധിപർക്കുള്ള കത്ത് തയ്യാറാക്കുക.**

'ഓണം ക്രിസ്തുമസ് പരീക്ഷകൾക്കു പകരം
ഒക്ടോബറിൽ ഒരു പരീക്ഷ മാത്രം.
ഓരോ യൂണിറ്റിന്റെയും അവസാനത്തിൽ
അധ്യയന സമയം നഷ്ടപ്പെടുത്താതെ
ക്ലാസ്സ് ടെസ്റ്റ്.'

മുകളിൽ കൊടുത്ത വാർത്തയോടുള്ള നിങ്ങളുടെ പ്രതികരണം പത്രാധിപർക്കുള്ള കത്തായി തയ്യാറാക്കുക.

സ്കോർ: 6 / സമയം: 10 മിനിട്ട് /ഒരുപുറം

**വിലയിരുത്തൽ സൂചകങ്ങൾ:**

- വാർത്തയോട് തന്റേതായ രീതിയിൽ പ്രതികരിച്ചിട്ടുണ്ട്. (4)
- യുക്തിസഹമായും ഘടന പാലിച്ചും അവതരിപ്പിച്ചിട്ടുണ്ട്. (2)

ആകെ 6

**CO:** ചാർട്ടുകൾ, പട്ടികകൾ, ഡയഗ്രം എന്നിവ വിശകലനം ചെയ്തു കുറിപ്പുകൾ തയ്യാറാക്കുക.

**ചോദ്യം :** *വാർത്ത തയ്യാറാക്കുക.*

താഴെ കൊടുത്തിട്ടുള്ള രണ്ടു പട്ടികകൾ വിശകലനം ചെയ്തു അവയിൽ വെളിപ്പെടുന്ന വസ്തുതകൾ വ്യക്തമാക്കുന്ന ഒരു പത്രവാർത്ത തയ്യാറാക്കുക.

പട്ടിക. 1

പട്ടിക 1
**കേരളത്തിലെ നാണ്യവിള വിസ്തൃതി**

| നം. | വിള | വിസ്തൃതി (ലക്ഷം ഹെക്ടർ) | വിസ്തൃതി ശതമാനക്രമത്തിൽ |
|---|---|---|---|
| 1 | തെങ്ങ് | 9.0 | 40 |
| 2 | റബ്ബർ | 4.8 | 21 |
| 3 | കുരുമുളക് | 2.2 | 10 |
| 4 | കവുങ്ങ് | 1.0 | 4 |
| 5 | കശുമാവ് | 0.9 | 4 |
| 6 | കാപ്പി | 0.9 | 4 |
| 7 | തേയില | 0.4 | 2 |
| 8 | ഏലം | 0.4 | 2 |
| | ആകെ | 19.6 | 87 |

പട്ടിക 2
**കേരളത്തിലെ ധാന്യവിള വിസ്തൃതി**

| നം. | വിള | വിള വിസ്തൃതി (ലക്ഷം ഹെക്ടർ) | കൃഷിഭൂമിയുടെ ശതമാനക്രമത്തിൽ |
|---|---|---|---|
| 1 | നെല്ല് | 2.9 | 10 |
| 2 | കപ്പ, വാഴ, പച്ചക്കറികൾ പയറുവർഗ്ഗങ്ങൾ | 0.7 | 3 |
| | ആകെ | 3.6 | 13 |

**വിലയിരുത്തൽ സൂചകങ്ങൾ:**

- പ്രസക്തമായ വിവരങ്ങൾ ഉൾപ്പെടുത്തിയുള്ള അവതരണം. (4)
- അനുയോജ്യ തലക്കെട്ട്. (1)
- മാധ്യമഭാഷാ ശൈലി. (1)

ആകെ 6

**CO:** ഔദ്യോഗിക കത്തുകൾ, വ്യാപാരക്കത്തുകൾ, തുറന്ന കത്തുകൾ തുടങ്ങിയ വ്യവഹാരരൂപങ്ങൾ തയ്യാറാക്കുക.

**ചോദ്യം : കത്ത് തയ്യാറാക്കുക.**

താഴെ കാണുന്ന തൊഴിൽപരസ്യത്തിലെ ഒഴിവുകളിലേയ്ക്കു പരിഗണിക്കുവാൻ അഭ്യർത്ഥിക്കുന്ന ഒരു കത്ത് തയ്യാറാക്കുക.

> **പ്രാദേശിക ലേഖകനെ ആവശ്യമുണ്ട്.**
>
> മലയാളത്തിലെ ഒരു പ്രമുഖ പത്രത്തിന് കരാർ അടിസ്ഥാനത്തിൽ പ്രാദേശിക ലേഖകരായി എല്ലാ സ്ഥലങ്ങളിലേയ്ക്കും ഒഴിവുകൾ ഉണ്ട്.
> യോഗ്യത: പ്ലസ് ടു. രണ്ടാം ഭാഷയായി മലയാളം പഠിച്ചവർക്ക് മുൻഗണന നൽകുന്നതാണ്. എഴുതി തയ്യാറാക്കിയ അപേക്ഷകൾ പത്രാധിപർ, പി.ബി. നമ്പർ: 21, കൊച്ചി എന്ന വിലാസത്തിൽ 7 ദിവസത്തിനകം അയയ്ക്കുക.

സ്കോർ: 4 / സമയം : 10 മിനിട്ട്

**വിലയിരുത്തൽ സൂചകങ്ങൾ:**

- പ്രസക്തമായ വിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള അവതരണം (3)
- കത്തിന്റെ മാതൃക (1)

ആകെ 4

**CO:** ചിത്രങ്ങൾ, കാർട്ടൂണുകൾ തുടങ്ങിയവയ്ക്ക് ഉചിതമായ ശീർഷകങ്ങളും അടിക്കുറിപ്പുകളും നൽകുക. താഴെ കൊടുത്തിരിക്കുന്ന ചിത്രം വിശകലനം ചെയ്ത് അർത്ഥസാധ്യതകൾ കണ്ടെത്തി കുറിപ്പു തയ്യാറാക്കുക.

**ചോദ്യം : അർത്ഥസാധ്യതകൾ കണ്ടെത്തുക**

താഴെ കൊടുത്തിരിക്കുന്ന ചിത്രം വിശകലനം ചെയ്ത് അർത്ഥസാധ്യതകൾ കണ്ടെത്തി കുറിപ്പ് തയ്യാറാക്കുക.




സ്കോർ: 4 / സമയം : 5 മിനിട്ട്

**<u>വിലയിരുത്തൽ സൂചകങ്ങൾ:</u>**

| | | |
|---|---|---|
| – | ആശയ ഗ്രഹണം | (2) |
| – | ശീർഷകം | (1) |
| – | തനിമയുള്ള നിരീക്ഷണം | (1) |
| | ആകെ | 4 |